

# ടൈംസ് ഓഫ് അമേരിക്ക

TIMES of AMERICA

2025 ഒക്ടോബർ 01 – 15

Volume XIX Issue 18

അമേരിക്കൻ മലയാളിയുടെ സമ്പൂർണ്ണ വാർത്താ ദ്വൈമാസിക





Cheif Editor: **George Thazhakara**
Tel: + 944 73 55710
e-mail:**georgethazhakara@gmail.com**

**TIMES OF AMERICA.ORG ONLINE BI- WEEKLY**
www: **timesofamerica.org**

**News Cordination: Joychan Puthukulam**

Managing Editor: **Mathew George**
Tel: 267-991-2111







# ഹമാസിന് നാല് ദിവസത്തെ സമയം, മറുപടി ഇല്ലെങ്കിൽ കനത്ത പ്രഹരമെന്ന് ട്രംപ്



വാഷിങ്ടൺ: യു.എസിന്റെ ഗസ്സ സമാധാന പദ്ധതി സംബന്ധിച്ച് പ്രതികരണം നടത്താൻ ഹമാസിന് നാല് ദിവസത്തെ സമയമാണ് പരമാവധി നൽകുകയെന്ന് ഡോണൾഡ് ട്രംപ്. ഹമാസിന്റെ ഉത്തരം നോയെന്നാണെങ്കിൽ അത് ദുഃഖകരമായ അന്ത്യത്തിലേക്ക് കാരണമാവുമെന്നും ട്രംപ് മുന്നറിയിപ്പ് നൽകി. ഗസ്സ സമാധാനപദ്ധതിയിൽ ചർച്ചകളുണ്ടാവുമോയെന്ന ചോദ്യത്തിന് ഇല്ലെന്നായിരുന്നു ട്രംപിന്റെ മറുപടി.

യുദ്ധം നിർത്താൻ യു.എസിൻറെ 20 ഇന പദ്ധതി ഇവയാണ്ഹമാസിനെ നിരായുധീകരിക്കും, ബന്ദികളെ വിട്ടയക്കും, രാഷ്ട്രം യാഥാർഥ്യമാകുന്നതിന് മാർഗരേഖ

ഗസ്സ യുദ്ധം അവസാനിപ്പിക്കാനും പ്രദേശത്തിൻറെ പുനർനിർമാണത്തിനുമായി 20 ഇന പദ്ധതി യു.എസിൻറെ കാർമികത്വത്തിൽ തയാറാകുന്നതായി റിപ്പോർട്ട്. പ്രസിഡന്റ് ഡോണൾഡ് ട്രംപിൻറെ പ്രത്യേക താൽപര്യത്തിൽ യു.എസിന്റെ പശ്ചിമേഷ്യയിലെ പ്രതിനിധി സ്റ്റീവ് വിറ്റ്കോഫ് ആണ് പദ്ധതി തയാറാക്കിയത്. യു.എൻ ജനറൽ അസംബ്ലിക്കായി യു.എസിലെത്തിയ വിവിധ അറബ്, മുസ്‍ലിം രാജ്യങ്ങൾക്ക് ഈ പദ്ധതിയുടെ കരട് കൈമാറിയതായാണ് സൂചന. പ്രധാന അറബ് രാജ്യങ്ങളുമായി അടുത്ത ബന്ധം സൂക്ഷിക്കുന്ന വിറ്റ്കോഫിനെ തന്നെ അവരുമായി സംസാരിക്കാനും നിയോഗിച്ചിരിക്കുകയാണ്.

# ഷട്ട്ഡൗണിന് സാധ്യതയുണ്ടെന്ന് ഡൊണാൾഡ് ട്രംപ്

വാഷിംഗ്ടൺ ഡി.സി.: യുഎസ് ഗവൺമെന്റ് ഷട്ട്ഡൗണിന് സാധ്യതയുണ്ടെന്ന് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. ഫണ്ടിംഗ് ബില്ലുമായി ബന്ധപ്പെട്ട് റിപ്പബ്ലിക്കൻസും ഡെമോക്രാറ്റുകളും തമ്മിൽ നിലനിൽക്കുന്ന തർക്കങ്ങൾ പരിഹരിക്കപ്പെടാത്ത സാഹചര്യത്തിലാണ് ട്രംപിന്റെ പ്രതികരണം. ഷട്ട്ഡൗൺ ഒരുപക്ഷേ ഉണ്ടാകാൻ സാധ്യതയുണ്ട്. ഒന്നും ഒഴിവാക്കാനാവാത്തതല്ല, പക്ഷേ ഉണ്ടാകാനാണ് സാധ്യത എന്ന് അന്ത്യശാസന സമയപരിധിക്ക് മണിക്കൂറുകൾക്ക് മുൻപ് ഓവൽ ഓഫീസിൽ വെച്ച് ട്രംപ് മാധ്യമങ്ങളോട് പറഞ്ഞു.

ആരോഗ്യ പരിരക്ഷാ ചെലവുകൾ, മറ്റ് ചില വികസന കാര്യങ്ങൾ എന്നിവ സംബന്ധിച്ച പാർട്ടിപരമായ തർക്കങ്ങളാണ് നിലവിലെ പ്രതിസന്ധിക്ക് കാരണം. ഏഴ് ആഴ്ചത്തേക്ക് ഫെഡറൽ ഫണ്ടിംഗ് നീട്ടാനുള്ള ഹൗസ് നടപടി സെനറ്റിൽ ഡെമോക്രാറ്റുകൾ തടഞ്ഞിരിക്കുകയാണ്. കാലഹരണപ്പെടുന്ന ആരോഗ്യ പരിരക്ഷാ ആനുകൂല്യങ്ങൾ കൂടി ഉൾപ്പെടുത്തിയില്ലെങ്കിൽ ബില്ലിനെ പിന്തുണക്കില്ലെന്നാണ് ഡെമോക്രാറ്റുകളുടെ നിലപാട്. എന്നാൽ, ചർച്ചകൾക്കില്ലെന്നും തിരുത്തലുകളില്ലാത്ത ക്ലീൻ ബിൽ പാസാക്കണമെന്നുമാണ് ട്രംപിന്റെയും റിപ്പബ്ലിക്കൻ പാർട്ടിയുടെയും ആവശ്യം.

ഈ തർക്കം കാരണം ആയിരക്കണക്കിന് ഫെഡറൽ ജീവനക്കാർക്ക് ജോലി നഷ്ടപ്പെടാനുള്ള സാധ്യത നിലനിൽക്കുന്നു. ഇരു പാർട്ടികളും തങ്ങളുടെ നിലപാടുകളിൽ ഉറച്ചുനിൽക്കുന്നതിനാൽ, ഇന്ന് രാത്രി അർദ്ധരാത്രിക്ക് (പ്രാദേശിക സമയം 12.01 മാ ബുധനാഴ്ച) മുൻപ് സെനറ്റിൽ ബിൽ പാസാക്കിയില്ലെങ്കിൽ ഗവൺമെന്റ് ഷട്ട്ഡൗണിലേക്ക് നീങ്ങും. മെക്സിക്കൻ അതിർത്തി മതിൽ പണിയുന്നതിന് ഫണ്ട് ആവശ്യപ്പെട്ട് ട്രംപ് പ്രസിഡന്റായിരുന്ന സമയത്ത് 2018 ഡിസംബർ മുതൽ 2019 ജനുവരി വരെ 35 ദിവസത്തേക്ക് യുഎസ് ചരിത്രത്തിലെ ഏറ്റവും ദൈർഘ്യമേറിയ ഷട്ട്ഡൗൺ നടന്നിരുന്നു.

# ബഹിരാകാശ സഞ്ചാരികളുടെ പട്ടികയിൽ കോൺസ്റ്റൻസ് സ്വദേശി അന്ന മേനോൻ

**– രഞ്ജിനി രാമചന്ദ്രൻ**

നാസയുടെ 2025ലെ ബഹിരാകാശ സഞ്ചാരികളുടെ പുതിയ ബാച്ചിലേക്ക് ഹൂസ്റ്റൺ സ്വദേശിയായ അന്ന മേനോൻ തെരഞ്ഞെടുക്കപ്പെട്ടു.

800ലധികം അപേക്ഷകരിൽ നിന്നാണ് പത്തു പേരെ തെരഞ്ഞെടുത്തത്. ബയോമെഡിക്കൽ എൻജിനീയറായ അന്ന ഭാവിയിലെ ബഹിരാകാശ നിലയത്തിലേക്കും ചന്ദ്രനിലേക്കും ചൊവ്വയിലേക്കുമുള്ള ദൗത്യങ്ങൾക്കായി നാസയുടെ ജോൺസൺ സ്പേസ് സെന്ററിൽ രണ്ടു വർഷത്തെ കഠിന പരിശീലനം നേരിടും. 39 കാരിയായ അന്ന മുൻപ് സ്പേസ് എക്സ് മിഷൻ സ്പെഷലിസ്റ്റ് ആയി പ്രവർത്തിച്ചിട്ടുണ്ട്. 2024 പോളാരിസ് ഡോൺ ദൗത്യത്തിൽ വനിതകളുടെ ഉയരം സംബന്ധിച്ച റെക്കോർഡ് സ്ഥാപിക്കുകയും ആദ്യത്തെ വാണിജ്യ സ്പേസ് വാക്ക് പൂർത്തിയാക്കുകയും ചെയ്തിരുന്നു. കൂടാതെ നാസയുടെ മിഷൻ കൺട്രോളിൽ മെഡിക്കൽ ഹാർഡ് വെയർ സോഫ്റ്റ്വെയർ എന്നിവയുടെ ചുമതലയും വഹിച്ചിട്ടുണ്ട്.

ന്യൂയോർക്ക്: വ്യാപാര തർക്കങ്ങൾക്കും എച്ച്1ബി വിസ ഫീസ് വർധനവിനും ശേഷം ഇന്ത്യയും യുഎസ്സും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ യുഎസ് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോയുമായി കൂടിക്കാഴ്ച നടത്തി. ഐക്യരാഷ്ട്രസഭയുടെ 80-ാമത് പൊതുസമ്മേളനത്തിന് മുന്നോടിയായാണ് ഈ ഉന്നതതല കൂടിക്കാഴ്ച നടന്നത്. എച്ച്1ബി വിസാ പ്രശ്നങ്ങളും ഉഭയകക്ഷി വ്യാപാര വിഷയങ്ങളും ചർച്ചയിൽ പ്രധാന അജണ്ടയായി.

നേരത്തെ, കഴിഞ്ഞ ജൂലൈയിൽ വാഷിംഗ്ടണിൽ നടന്ന 10ാമത് ക്വാഡ് വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിലാണ് ഇരുവരും അവസാനമായി കണ്ടുമുട്ടിയത്. അതിനുമുമ്പ് ജനുവരിയിലും അവർ തമ്മിൽ ചർച്ചകൾ നടന്നിരുന്നു.

യുഎസ് പ്രസിഡന്റ് ഇന്ത്യൻ ഉത്പന്നങ്ങൾക്ക് 25 ശതമാനം തീരുവ ചുമത്തിയതും റഷ്യൻ എണ്ണ ഇറക്കുമതിയുമായി ബന്ധപ്പെട്ട് മറ്റൊരു 25 ശതമാനം നികുതി ഏർപ്പെടുത്തിയതും ഇരു രാജ്യങ്ങളും തമ്മിലുള്ള വ്യാപാര ബന്ധത്തിൽ വലിയ വിള്ളലുണ്ടാക്കിയിരുന്നു. കൂടാതെ, എച്ച്1ബി വിസ അപേക്ഷാ ഫീസ് 100,000 ഡോളറായി ഉയർത്താനുള്ള ഉത്തരവും ആശങ്കകൾക്ക് കാരണമായിരുന്നു. എന്നാൽ, ഈ വർധനവ് പുതിയ അപേക്ഷകർക്ക് മാത്രമാണ് ബാധകമെന്ന് വൈറ്റ് ഹൗസ് പിന്നീട് വ്യക്തമാക്കുകയുണ്ടായി.

ഈ തടസ്സങ്ങൾക്കിടയിലും, ഇരു രാജ്യങ്ങളും ഉഭയകക്ഷി നിക്ഷേപ ഉടമ്പടി ചർച്ചകൾ പുനരാരംഭിച്ചിട്ടുണ്ട്. ഇന്ത്യ യുഎസ് വ്യാപാരകരാറുമായി ബന്ധപ്പെട്ട ചർച്ചകൾക്കായി കേന്ദ്ര മന്ത്രി പീയുഷ് ഗോയലും അമേരിക്കയിലെത്തിയിട്ടുണ്ട്.

സാംസ്കാരികം

**അമേരിക്കൻ മലയാളിയുടെ സമഗ്ര വാർത്ത പത്രിക**

**ടൈംസ് ഓഫ് അമേരിക്കൻ മലയാളി ഡോട്ട് കോം**

**പി.ഡി.എഫ് ഫയലിനോടൊപ്പം**

**www.timesofamericanmalayali.com**

**ഈ ലക്കത്തിൽ**

**പ്രതിമാസ സാംസ്കാരിക മാസിക**

സാഹിത്യ സാംസ്കാരികതയുടെ പ്രതിഫലനം

**ഇന്ത്യയുടെ മെട്രോമാൻ എന്ന ഇതിഹാസം**



## സമന്വയ കാനഡ ഒരുക്കുന്ന സമന്വയം 2025ഒക്ടോബർ 18ന്




**- ജോസഫ് ജോൺ കാൽഗറി**

ഒന്റാരിയോ: കാനഡയിലെ പ്രമുഖ സാംസ്കാരിക സംഘടനയായ സമന്വയ ഒരുക്കുന്നസമന്വയം 2025, ജന്മനാടിന്റെ ഗൃഹാതുരതയിലേക്ക് കലയുടെ കൈപിടിച്ച് ഒരു സായന്തനം. കാനഡയിലെ മലയാളി മനസുകളുടെ മഹാസമന്വയം.

ഒക്ടോബർ 18ന് മൈക്കിൽ പവർ സെൻറ് ജോസഫ്സ് ഹൈസ്കൂൾ ഓഡിറ്റോറിയമാണ് വേദി.


മുൻ പതിപ്പുകളിൽ നിന്ന് വ്യത്യസ്ഥമായി ഇത്തവണത്തെ പ്രത്യേകത ഒരു ലിറ്ററേച്ചർ ഫെസ്റ്റ് കൂടി സംഘടിപ്പിക്കുന്നു എന്നതാണ്. ബാറ്റിൽ ഓഫ് ദ് ബുക്സ് എന്ന പുസ്തകപ്പയറ്റ് കാനഡയിലെ സാഹിത്യ പ്രേമികൾക്ക് പുത്തൻ അനുഭവമാകും. രാവിലെ 9.30 മുതൽ ഉച്ചക്ക് 1 മണി വരെയാണ് സാഹിത്യ സദസ്സ് നടക്കുക.

സാറാ ജോസഫ്, ആർ.രാജശ്രീ, എസ്, ഹരീഷ് എന്നിവർ പരിപാടിയിൽ ഓൺലൈനായി പങ്കെടുക്കും. ഉച്ചക്ക് ശേഷം മികച്ച കലാവിരുന്നുകളുമായി സമന്വയം 2025 അരങ്ങേറും. കേരളീയകലകളെയും സംസ്കാരത്തെയും ചേർത്തുപിടിക്കുക, ഒപ്പം മറ്റ് നാടുകളുടെ സംസ്കാരങ്ങളെ ആദരപൂർവ്വം തിരിച്ചറിയുകഇതാണ് സമന്വയത്തിന്റെ സന്ദേശം.

അടൂർ, അരവിന്ദൻ, ജോൺ എബ്രഹാം, കടമ്മനിട്ട തുടങ്ങിയ മഹാരഥന്മാർ ചേർന്ന് രൂപംനൽകിയ കലാരൂപമായ ചൊൽക്കാഴ്ച, നാടൻപാട്ടിൽ തുടങ്ങി പുത്തൻപാട്ടുകളിലൂടെ പ്രേക്ഷകരെ ഉത്സവലഹരിയിലെത്തിക്കുന്ന മ്യൂസിക്കൽ കൺസേർട്ട് പരമ്പരാഗതവും നവീനവുമായ നൃത്തരൂപങ്ങൾ എന്നിവ അരങ്ങേറും.

മലയാളനാടിന്റെ സാഹിത്യത്തിന്റേയും കലയുടേയും മാധുര്യത്തിലേക്ക് നടത്തുന്ന യാത്രയായിരിക്കും സമന്വയം 2025.

## 106-ാം വയസ്സിൽ ചാപ്ളയിൻ സിസ്റ്റർ ജീൻ ഔദ്യോഗിക പദവികളിൽ നിന്ന് വിരമിച്ചു



**- പി പി ചെറിയാൻ**

ഷിക്കാഗോ: ലൊയോള ഷിക്കാഗോ ബാസ്കറ്റ്ബോൾ ടീം ചാപ്ളയിൻ സിസ്റ്റർ ജീൻ 106-ാം വയസ്സിൽ ഔദ്യോഗിക പദവികളിൽ നിന്ന് വിരമിച്ചു.

ആരോഗ്യപരമായ കാരണങ്ങളാലാണ് തീരുമാനം. 2018ൽ ലൊയോള ടീം ഫൈനൽ ഫോറിലേക്ക് മുന്നേറിയപ്പോൾ സിസ്റ്റർ ജീൻ ദേശീയ ശ്രദ്ധ നേടിയിരുന്നു. അന്ന് ടീമിന്റെ മത്സരങ്ങളിൽ സിസ്റ്റർ ജീൻ ഒരു സ്ഥിരം സാന്നിധ്യമായിരുന്നു. ടീമിന് പ്രചോദനം നൽകുന്നതിൽ സിസ്റ്റർ ജീൻ വലിയ പങ്കുവഹിച്ചു.

ക്യാമ്പസിൽ നേരിട്ട് ഹാജരാകാൻ കഴിയില്ലെങ്കിലും, സിസ്റ്റർ ജീൻ തങ്ങളുടെ പ്രിയപ്പെട്ട സുഹൃത്തും ഉപദേശകയും വിശ്വസ്തയും ആയി തുടരുമെന്ന് യൂണിവേഴ്സിറ്റി പ്രസിഡന്റ് മാർക്ക്സി. റീഡ് പറഞ്ഞു. തന്റെ 106-ാം ജന്മദിനത്തിൽ, വിദ്യാർത്ഥികൾക്കായി ഒരു സന്ദേശം നൽകിയിരുന്നു, നിങ്ങളുടെ സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കാൻ ശ്രമിക്കുക. ആരെയും അതിന് തടസ്സപ്പെടുത്താൻ അനുവദിക്കരുത്. നമ്മുടെ രാജ്യത്തിന്റെയും ലോകത്തിന്റെയും ഭാവി നേതാക്കൾ നിങ്ങളാണ്എന്ന് സിസ്റ്റർ ജീൻ അതിൽ കുറിച്ചു. 1994 മുതൽ ലൊയോള ഷിക്കാഗോ ടീമിന്റെ ചാപ്ളയിനായി സേവനമനുഷ്ഠിച്ച് വരികയായിരുന്നു സിസ്റ്റർ ജീൻ.

## ന്യൂയോർക്കിൽ നടക്കുന്ന സ്നേഹ സങ്കീർത്തനം മ്യൂസിക്കൽ ഇവന്റിന്റെ ടിക്കറ്റ് കിക്ക് ഓഫ് നടത്തി



**- ബിജു ജോൺ**

ന്യൂയോർക്ക്: ഒക്ടോബർ അഞ്ച് ഞായറാഴ്ച്ച വൈകിട്ട് അഞ്ചു മണിക്ക് ന്യൂയോർക്കിൽ നടക്കുന്ന ക്രിസ്ത്യൻ സംഗീത നിശയുടെ ടിക്കറ്റ് വിതരണ ഉത്ഘാടനം നടത്തുകയുണ്ടായി.

റവ. ഫാദർ മാത്യു തോമസ് (സെന്റ് മേരീസ് ഓർത്തഡോക്സ് ചർച്, വാലി കോട്ടേജ്) പ്രാർത്ഥിച്ചു. റോക്ലാൻഡ് കൗണ്ടി ലെജിസ് ലേറ്റർ ഡോ. ആനി പോൾ, ഇവന്റ് അസോസിയേറ്റ് സ്പോൺസർ നോഹാ ജോർജ് (ഗ്ലോബൽ കൊളിഷൻ ബോഡി വർക്സ്) ആദ്യ ടിക്കറ്റ് നൽകി ഉദ്ഘാടനം ചെയ്തു.

സ്നേഹ സങ്കീർത്തനംഎന്ന ഇ ൗ സംഗീത നിശ എൽമൻഡിലുള്ള മലങ്കര കാത്തലിക് സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ചാണ് നടത്തപ്പെടുന്നത്. ഗായകരായ ഇമ്മാനുവൽ ഹെൻറി, റോയി പുത്തൂർ, മെറിൻ ഗിഗ്രറി, മരിയ കോലടി കൂടാതെ കേരളത്തിൽ അറിയപ്പെടുന്ന ഓർക്കസ്ട്ര ടീം ഈ മ്യൂസിക്കൽ ഈവന്റ് മികവുറ്റതാക്കും. വ്യത്യസ്തത നിറഞ്ഞ ഈ ഗാന സദ്യയിലേക്ക് ഏവരെയും സ്വാഗതം ചെയ്യുന്നു.

## കെ.എച്ച്.എൻ.എ. അധികാര കൈമാറ്റ ചടങ്ങും ദീപാവലി മഹോത്സവവും 4ന് റ്റാമ്പായിൽ



**- സുരേന്ദ്രൻ നായർ**

സനാതന ധർമ്മ പ്രചാരണത്തിന്റെ രജത ജൂബിലി പൂർത്തീകരിച്ച കെ.എച്ച്.എൻ.എയുടെ പതിനാലാമതു പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ഉണ്ണികൃഷ്ണനും സംഘത്തിനും നിലവിലെ പ്രസിഡന്റ് ഡോ. നിഷ പിള്ളയുടെയും സഹഭാരവാഹികളുടെയും ഔപചാരികമായ അധികാര കൈമാറ്റം ഒക്ടോബർ 4 ശനിയാഴ്ച്ച ടാമ്പായിൽ നടക്കുന്ന ദീപാവലി ആഘോഷങ്ങളുടെ ഭാഗമായ ഹൈന്ദവ സദസ്സിൽ വച്ച് വിവിധ പരിപാടികളോടെ നിർവഹിക്കപ്പെടുന്നു.

അറ്റ്ലാന്റിക് സിറ്റിയിൽ നടന്ന കെ.എച്ച്.എൻ.എ. ഗ്ലോബൽ സംഗമത്തിന്റെ സമാപനത്തോടെ സംഘടനയുടെ പവിത്ര പതാക ഡോ. നിഷ പിള്ളയിൽ നിന്നും നിയുക്ത പ്രസിഡന്റ് ഉണ്ണികൃഷ്ണൻ ആചാരവിധികളോടെ ഏറ്റുവാങ്ങിയതോടെ ആരംഭിച്ച അധികാര കൈമാറ്റ നടപടികൾ ടാമ്പയിലെ റെക്കോർഡുകളുടെ കൈമാറ്റത്തോടെ പൂർത്തിയാകുന്നു.

സംഘടനയുടെ ഭരണ തുടർച്ച ഉറപ്പാക്കാനും ആധികാരകൈമാറ്റ നടപടികൾ സുഗമമാക്കാനും നിയുക്തമായിട്ടുള്ള ട്രസ്റ്റി ബോർഡ് ഭാരവാഹികളായ ഗോപിനാഥ കുറുപ്പ്, ഡോ. രഞ്ജിനി പിള്ള, രതീഷ് നായർ, സുധ കർത്ത തുടങ്ങിയവർ നേതൃത്വം നൽകുന്ന സദസ്സിൽ വച്ച് പ്രസിഡന്റിനെ കൂടാതെ സെക്രട്ടറി സിനു നായർ, വൈസ് പ്രസിഡന്റ് സഞ്ജീവ് കുമാർ, ട്രഷറർ അശോക് മേനോൻ, ജോയിന്റ് സെക്രട്ടറി ശ്രീകുമാർ ഹരിലാൽ, ജോയിന്റ് ട്രഷറർ അപ്പുകുട്ടൻ പിള്ള, ട്രസ്റ്റി ബോർഡിന്റെ പുതിയ ചെയർ പേഴ്സൺ വനജ നായർ, സെക്രട്ടറി സുധിർ പ്രയാഗ, ജുഡീഷ്യൽ കൺസിൽ അംഗങ്ങളായ സുധാ കർത്താ, രാമദാസ് പിള്ള,ഗോപാലൻ നായർ എന്നിവരും സ്ഥാനങ്ങൾ ഏറ്റെടുക്കുന്നു.

പന്ത്രണ്ടു സംവത്സരങ്ങളുടെ ഇടവേളയ്ക്കു ശേഷം അമേരിക്കയുടെ കേരളം എന്നറിയപ്പെടുന്ന ഫ്ളോറിഡയിലേക്കു മടങ്ങിയെത്തുന്ന കെ.എച്ച്.എൻ.എയുടെ ദേശിയ കൺവെൻഷനെ വരവേൽക്കാൻ ഫ്ലോറിഡയിലെ ഹിന്ദു സംഘടനകളും മലയാളി സമൂഹവും വലിയ ആവേശത്തിലാണ്. അധികാര കൈമാറ്റവും വിവിധ വിചാര സഭകളും തുടർന്ന് വ്യത്യസ്തമായ കലാപരിപാടികളുമാണ് സംഘാടകർ ഒരുക്കിയിരിക്കുന്നത്.

അധികാരം ഒഴിയുന്ന വിവിധ സമിതികളിലെ അംഗങ്ങളെയും തെരഞ്ഞെടുക്കപ്പെട്ട പുതിയ അംഗങ്ങളെയും കൂടാതെ മുൻ ഭാരവാഹികളും പ്രത്യേകം ക്ഷണിതാക്കളും പ്രാദേശിക സംഘടനാ നേതാക്കളും ഉൾപ്പെടെ മുന്നൂറോളം പേരെയാണ് ചടങ്ങിലേക്ക് ക്ഷണിച്ചിട്ടുള്ളത്.

1 October - **International Day of the Older Persons**
International Day of the Older Persons is observed on 1 October every year to raise problems faced by elder persons and to promote the development of a society for all ages. The United Nations General Assembly adopted a resolution on 14 December 1990 and designated 1 October as the International Day of Older Persons.

# സ്പാർക്ക് ഓഫ് കേരളാ ഹൂസ്റ്റണിൽ വർണ്ണോജ്വലമായി അരങ്ങേറി

**– ജിൻസ് മാത്യു റാന്നി**

ഹൂസ്റ്റൺ: സെന്റ് മേരീസ് മലങ്കര യാക്കോബായ സിറിയൻ ഓർത്തഡോക്സ് ദേവാലയത്തിന്റെ അഭിമുഖ്യത്തിൽ നടന്ന സ്പാർക്ക് ഓഫ് കേരളാ കാണികളെ വിസ്മയത്തിന്റെ അഭ്രപാളികളിൽ എത്തിച്ച് വർണ്ണോജ്വലമാക്കി.

ഹൂസ്റ്റൺ നഗരത്തിൽ ഈ വർഷം അരങ്ങേറിയ സ്റ്റേജ് ഷോകളിൽ ഉന്നത നിലവാരവും ആകർഷണിയതയും നിറഞ്ഞ് നിൽക്കുന്നതായിരുന്നു സ്പാർക്ക് ഓഫ് കേരളാ ഇവന്റ്. ഗായകൻ അഫ്സൽ, താരങ്ങൾ സ്വാസിക, മോക്ഷേ, ഗായിക അഖില ആനന്ദ്, വയലിനിസ്റ്റ് വേദമിത്ര, ഡാൻസർ കുക്കു തുടങ്ങി ഒരു ഡസനിൽ പരം മികച്ച കലാപ്രതിഭകൾക്കൊപ്പം സെന്റ് മേരീസ് ഇടവക അംഗങ്ങളായ യുവജനങ്ങളും പങ്കെടുത്തു.

ദേവാലയ വികാരിയും, ഭാരവാഹികളും, സ്പോൺസേഴ്സും ചേർന്ന് ഭദ്രദീപം തെളിയിച്ചതോടു കൂടി നാല് മണിക്കൂർ നീണ്ട് നിന്ന നിറക്കൂട്ടുകളോടു കൂടിയുള്ള പരിപാടികൾക്ക് തുടക്കമായി.

ഇടവക അംഗം കൂടിയായ ഡോ. ലിജി മാത്യു എംസിയായി അവതരണം നടത്തി.

# സസ്കാടൂൺ എസ്.എം.എ പള്ളിക്കൂടംഉദ്ഘാടനവും പ്രവേശനോത്സവവും ഗംഭീരമായി

**– ജോസഫ് ജോൺ കാൽഗറി**

സസ്കാടൂൺ: സസ്കാടൂണിലെ ആദ്യ മലയാള ഭാഷാ പഠനകേന്ദ്രം, സസ്കാടൂൺ മലയാളി അസോസിയേഷന്റെ നേതൃത്വത്തിൽ എസ്.എം.എ. പള്ളിക്കൂടം ഉദ്ഘാടനം 2025 സെപ്റ്റംബർ 13ന് ഓണാഘോഷങ്ങളുടെ ഭാഗമായി ഔപചാരികമായി നടന്നു.

പ്രവാസി മലയാളികൾ ഏറെ നാളായി ആഗ്രഹിച്ചിരുന്ന മാതൃഭാഷാ പഠനത്തിനുള്ള സമർപ്പിത വേദി എന്ന നിലയിൽ എസ്.എം.എ. പള്ളിക്കൂടത്തിന്റെ തുടക്കം ഒരു ചരിത്രനിമിഷമായി മാറി.

മലയാളം മിഷൻ ഡയറക്ടർ മുരുകൻ കാട്ടാക്കട അയച്ച പ്രത്യേക വീഡിയോ സന്ദേശത്തിലൂടെ എസ്.എം.എ. പള്ളിക്കൂടത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം അദ്ദേഹം പ്രഖ്യാപിച്ചു. പ്രവാസി സമൂഹത്തിൽ മാതൃഭാഷയും സാംസ്കാരിക പാരമ്പര്യവും സംരക്ഷിക്കുന്നതിനുള്ള എസ്.എം.എയുടെ പരിശ്രമങ്ങളെ അദ്ദേഹം അഭിനന്ദിക്കുകയും, സമൂഹം അഭിമാനത്തോടെ ഈ ദൗത്യം മുന്നോട്ട് കൊണ്ടുപോകണമെന്ന് ആഹ്വാനം ചെയ്യുകയും ചെയ്തു. മലയാളം മിഷൻ കാനഡ കോഓർഡിനേറ്റർ ജോസഫ് ജോൺ കാൽഗറി ആശംസകൾ പങ്കുവെച്ചുകൊണ്ടു ഇന്നത്തെ ലോക ക്രമത്തിൽ മാതൃഭാഷ പഠനത്തിന്റെ ആവശ്യകതയെക്കുറിച്ചു സംസാരിച്ചു.

സസ്കാടൂൺ മലയാളി അസോസിയേഷൻ പ്രസിഡൻറ് ആസ്റ്റർ ജോർജ്, എസ്.എം.എ.പള്ളിക്കൂടം കോർഡിനേറ്റർ കൃഷ്ണകുമാർ നായർ പി. എൻ, എസ്.എം.എ. പള്ളിക്കൂടത്തിലെ അദ്ധ്യാപകർ എന്നിവർ കൂടി നിലവിളക്കു കത്തിച്ചു തുടക്കമായ എസ്.എം.എ പള്ളിക്കൂടത്തിലെപ്രവേശനോത്സവം 2025 സെപ്റ്റംബർ 20ന് നടന്നു. ആദ്യദിവസം തന്നെ 22 കുട്ടികളും ഒരു മുതിർന്ന വിദ്യാർത്ഥിയും ചേർന്ന് പഠനം ആരംഭിച്ചു.

കേരള സർക്കാരിന്റെ സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള മലയാളം മിഷൻ, എസ്.എ.ഐ.എ, എസ്.ഐ.എ. എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെ എസ്.എം.എ. പള്ളിക്കൂടംപ്രവർത്തിക്കുന്നു. 6 വയസ്സിന് മുകളിലുള്ള കുട്ടികൾക്കും മുതിർന്നവർക്കും ഭാഷ, സാഹിത്യം, സംസ്കാരം എന്നിവയിൽ സമഗ്ര പഠനത്തിനുള്ള അവസരം ഇവിടെ ഒരുക്കുന്നു. ഈ സംരംഭം ഈ പ്രദേശത്തുള്ള പ്രവാസി മലയാളികൾക്ക് തങ്ങളുടെ പുതിയ തലമുറയ്ക്ക് മാതൃഭാഷയും, കേരളീയ സംസ്കാരവും പകർന്നു നൽകാൻ സഹായിക്കുമെന്ന് സംഘാടകർ അറിയിച്ചു.

1 October - **International Coffee Day**
International Coffee Day is celebrated on 1 October every year to recognise millions of people across the world from farmers, roasters, baristas, coffee shop owners, etc. who do hard work to create and serve the beverage in the consumable form.

1 October - **World Vegetarian Day**
World Vegetarian Day is observed on 1 October annually. It was founded in 1977 by the North American Vegetarian Society (NAVS) and in 1978 was endorsed by the International Vegetarian Union.

1 October -**Mahanavami**
Mahanavami on 1st October marks the ninth day of Navratri, celebrating Goddess Durga.

2 October - **Gandhi Jayanti**
Gandhi Jayanti is celebrated on 2nd October every year to mark the birth anniversary of Mahatma Gandhi. He was born on 2 October 1869 in Porbandar, Gujarat. He is an inspiration in the lives of famous world leaders and in our lives too.

# ഹൂസ്റ്റൺ ശ്രീ ഗുരുവായൂരപ്പൻ ക്ഷേത്രത്തിൽ ഓണാഘോഷം



**– ശങ്കരൻകുട്ടി**

ഹൂസ്റ്റൺ: ശ്രീഗുരുവായൂരപ്പൻ ക്ഷേത്രം 2025 ലെ ഓണാഘോഷം റെക്കോർഡ് ജനപങ്കാളിത്തം കൊണ്ട് അവിസ്മരണീയമായി. സംസ്കാരത്തിന്റെയും ഭക്തിയുടെയും പാരമ്പര്യത്തിന്റെയും ഒരു മനോഹരമായ ചിത്രമായി പരിപാടി മാറി. 2,500ലധികം ഭക്തരും അഭ്യുദയകാംക്ഷികളും അടങ്ങുന്ന അഭൂതപൂർവമായ ജനക്കൂട്ടമാണ് ആഘോഷത്തിന് എത്തിയത്.

മുഖ്യാതിഥി കോൺസൽ ജനറൽ പി.സി. മഞ്ജുനാഥ്, ക്ഷേത്ര പ്രസിഡന്റ് ഡോ. സുബിൻ ബാലകൃഷ്ണൻ, സെക്രട്ടറി വിനോദ് നായർ, ട്രഷറർ സുരേഷ് നായർ, ട്രസ്റ്റി സുനിൽ നായർ എന്നിവർ ചേർന്ന് ഭദ്രദീപം കൊളുത്തിയതോടെ ആഘോഷം ആരംഭിച്ചു. ഇത്രയും വലുതും വൈവിധ്യപൂർണ്ണവുമായ ആഘോഷം സംഘടിപ്പിച്ചതിനു ക്ഷേത്രഭാരവാഹികളെ കോൺസൽ ജനറൽ പ്രശംസിച്ചു. അമേരിക്കയിൽ പങ്കെടുത്ത ഒരൊറ്റ ഓണാഘോഷത്തിലും ഇത്രയും വലിയ ജനസഞ്ചയത്തെ താൻ കണ്ടിട്ടില്ലെന്ന്അദ്ദേഹം പറഞ്ഞു.

പരമ്പരാഗത വസ്ത്രധാരണം, യഥാർത്ഥ വാഴയിലയിൽ വിളമ്പിയ ആധികാരിക കേരള ശൈലിയിലുള്ള വിരുന്ന്, 32 വിശിഷ്ട വിഭവങ്ങളുള്ള സദ്യ, സംഘാടകരുടെ അതുല്യമായ ആതിഥ്യം എന്നിവയെ അദ്ദേഹം പ്രശംസിച്ചു.

ജഡ്ജി സുരേന്ദ്രൻ പട്ടേൽ, മൈസൂരി സിറ്റി മേയർ റോബിൻ ഇലക്കാട്ട്, സ്റ്റാഫോർഡ് സിറ്റി മേയർ കെൻ മാത്യൂസ്, ഫോർട് ബെൻഡ് ഹാരിസ് കൗണ്ടി അധികൃതർ എന്നിവരുടെ നിറസാന്നിധ്യവും ശ്രദ്ധേയമായി. ക്ഷേത്ര കമ്മിറ്റിയുടെ സമർപ്പണം, സുഗമമായ സംഘാടനം, കേരളത്തിന്റെ സാംസ്കാരിക പൈതൃകം ഉയർത്തിപ്പിടിക്കുന്നതിനുള്ള അക്ഷീണ പരിശ്രമം എന്നിവയെ അവർ പ്രശംസിച്ചു.

പ്രശസ്ത പാചക വിദ്വാൻ അംബി സ്വാമിയുടെ നേതൃത്വത്തിലുള്ള സംഘവും ക്ഷേത്ര വളന്റിയേഴ്സും ചേർന്നൊരുക്കിയ രുചിഭേദങ്ങളുടെ മാസ്മരിക സ്വാദ് വർണനാതീതമായിരുന്നു.

തുടർന്ന് നടന്ന സാംസ്കാരിക പരിപാടികൾ കേരളത്തിലെ സമ്പന്നമായ ക്ലാസിക്കൽ, നാടോടി പാരമ്പര്യങ്ങൾ അവതരിപ്പിച്ചു. മനം മയക്കുന്ന നൃത്തനൃത്യങ്ങൾ, സംഗീതം, ഉത്സാഹഭരിതമായ പ്രകടനങ്ങൾ എന്നിവ ഉൾപ്പെടുന്നു.

അതിഥികൾ ഓരോ അവതരണത്തിന്റെയും ഉയർന്ന നിലവാരത്തെയും ചാരുതയെയും പ്രശംസിച്ചു. ഇതുവരെ കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും മികച്ച ഓണാഘോഷങ്ങളിലൊന്നായി ഇതിനെ വിശേഷിപ്പിച്ചു.

നാലുമണിക്കൂർ നീണ്ടുനിന്ന ശ്രീ ഗുരുവായൂരപ്പൻ ടെംപിൾ പ്രൊഡക്ഷൻസിന്റെ നൃത്ത നൃത്യങ്ങൾ ഹൃദ്യമായി. ഇത്രയും പ്രൗഢഗംഭീരമായി ഈ ആഘോഷം കോർത്തിണക്കിയ അജിത് നായരുടെ സംവിധാന മികവും തികച്ചും പ്രശംസനീയമായി.

സുഗന്ധമുള്ള പൂക്കൾ, ശ്രുതിമധുരമായ ഗാനങ്ങൾ, ആസ്വാദ്യകരമായ രുചി കൂട്ടുകൾ, ചിരിയും ഒരുമയും നിറഞ്ഞ ഒരു ഒത്തുചേരൽ എന്നിവയാൽ ഹൂസ്റ്റണിലെ ഓണം 2025 ഒരു ആഘോഷം മാത്രമല്ല മറിച്ച് അവിടെയുണ്ടായിരുന്ന എല്ലാവരുടെയും ഹൃദയങ്ങളിൽ പതിഞ്ഞ ഒരു ഓർമ്മയായി മാറി.



*സസ്കാടൂൺ മലയാളി അസോസിയേഷന്റെ നേതൃത്വത്തിൽ എസ്.എം.എ. പള്ളിക്കൂടം ഉദ്ഘാടനത്തിൽ നിന്നും*



ഹൂസ്റ്റൺ സെന്റ് മേരീസ് മലങ്കര യാക്കോബായ സിറിയൻ ഓർത്തഡോക്സ് ദേവാലയത്തിന്റെ അഭിമുഖ്യത്തിൽ നടന്ന സ്പാർക്ക് ഓഫ് കേരളായിൽ നിന്നും

## ഇല്ലിനോയ് ഇന്ത്യൻ നഴ്സസ് അസോസിയേഷൻ യുവജനങ്ങൾക്ക് സൗജന്യ മാനസികാരോഗ്യ പരിശീലനം

– രഞ്ജിനി രാമചന്ദ്രൻ

ഷിക്കാഗോ: സമൂഹത്തിന്റെ ആരോഗ്യവും ക്ഷേമവും ഉറപ്പാക്കുന്നതിൽ ബദ്ധശ്രദ്ധേയരായ ഇന്ത്യൻ നേഴ്സസ് അസോസിയേഷൻ യുവജനങ്ങൾക്കിടയിൽ വർദ്ധിച്ചുവരുന്ന മാനസിക ആരോഗ്യപ്രശ്നങ്ങളെ നേരിടാൻ തയ്യാറെടുക്കുന്നു. ഇതിന്റെ ഭാഗമായി കെനത്ത് യങ് സെന്ററുമായി സഹകരിച്ച് പന്ത്രണ്ടാം ക്ലാസിലെ വിദ്യാർത്ഥികൾക്കും അതിന് മുകളിലുള്ളവർക്കുമായി സൗജന്യ യൂത്ത് മെന്റൽ ഹെൽത്ത് ഫസ്റ്റ് യെഡർ ട്രെയിനിങ് സംഘടിപ്പിക്കുന്നു.

വെൽവുട്ട് സെന്റ് തോമസ് സീറോ മലബാർ ചർച്ചിൽ ഒക്ടോബർ 11 നാണ് സെമിനാർ സംഘടിപ്പിച്ചിരിക്കുന്നത്. 30 പേർക്കാണ് പ്രവേശനം. പരിശീലനം പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകും. ഉയർന്ന പഠനങ്ങൾക്കും സ്വതന്ത്രമായ ജീവിതത്തിനും തയ്യാറെടുക്കുന്ന യുവജനങ്ങൾക്ക് വെല്ലുവിളികളെ നേരിടാൻ ആവശ്യമായ ധൈര്യവും അതിജീവനശേഷിയും ഈ പരിശീലനത്തിലൂടെ ലഭിക്കുമെന്ന് സംഘാടകർ അറിയിച്ചു.

## ഫ്ലോറിഡ നവകേരള മലയാളി അസോസിയേഷൻ ഓണാഘോഷം

– പി പി ചെറിയാൻ

ഫ്ലോറിഡ: ഫ്ലോറിഡയിലെ നവകേരളാ മലയാളി അസോസിയേഷന്റെ മുപ്പത്തിയൊന്നാം വർഷ ഓണാഘോഷം മുപ്പത്തിയൊന്നുതരം വിഭവങ്ങളുമായി കൂപ്പർ സിറ്റി ഹൈസ്കൂളിൽ വച്ച് വിവിധങ്ങളായ കലാപരിപാടികളോടൊപ്പം നടത്തപ്പെട്ടു.

ബിജോയ് സേവ്യർ നവകേരളയുടെ മുപ്പത്തിയൊന്നാം വർഷ ഓണാഘോഷ ചടങ്ങിലേക്ക് എല്ലാ വിശിഷ്ടാതിഥികളേയും ഹാർദവമായി സ്വാഗതം ചെയ്തു. യൂത്ത് പ്രസിഡന്റ് ലിയാന സാമ്യൂലിന്റെ അമേരിക്കൻ നാഷണാലാന്തത്തോടുകൂടി കലാപരിപാടികൾക്ക് തുടക്കം കുറിച്ചു. പ്രസിഡന്റ് പനങ്ങായിൽ ഏലിയാസ് ആദ്യ ദീപം തെളിയിച്ചു. തുടർന്ന് ക്ഷണിക്കപ്പെട്ട വിശിഷ്ടാതിഥികളും, വൈദികരും ദീപം തെളിച്ച് നവകേരളയുടെ മുപ്പത്തൊന്നാം വർഷത്തിന്റെ ഓണാഘോഷം വർണാഭമാക്കി. ഓണാഘോഷങ്ങൾക്ക് ചീഫ് ഗസ്റ്റ് ആയി ഫോമാ മുൻ പ്രസിഡന്റ് ഡോക്ടർ ജേക്കബ് തോമസ് (2022-2024) ന്റെയും, ഫോമാ ട്രഷറർ (2022-24) ബിജു തോണിക്കടവിലിന്റെയും സാന്നിധ്യം പ്രാധാന്യം അർഹിച്ചു. ഓർലൻഡോ മലയാളി അസോസിയേഷൻ (ഒരുമ) പ്രസിഡന്റ് ജിബി ജോസഫ്, പാംബീച്ച് മലയാളി അസോസിയേഷൻ പ്രസിഡന്റ് മാത്യു തോമസ്, നോവലിസ്റ്റും കലാകാരനുമായ പൗലോസ് കുയിലാടൻ (ഫോമാ നാഷണൽ കമ്മിറ്റി കൾച്ചറൽ ചെയർമാൻ), ബിജോയ് സേവ്യർ, ഫോമാ നാഷണൽ അഡ്വൈസറി കമ്മിറ്റി ജോയിന്റ് സെക്രട്ടറി, ഷാന്റി വർഗീസ് (ഫോമാ നാഷണൽ പൊളിറ്റിക്കൽ ഫോറം എക്സിക്യൂട്ടീവ്), ജോസ് തോമസ് സിപിഎ, എബ്രഹാം കളത്തിൽ (ഫൊക്കാന ഇന്റർനാഷനൽ ട്രഷറർ), കുര്യൻ വർഗീസ് ഐഒസി ഫ്ലോറിഡ ചാപ്റ്റർ സെക്രട്ടറി എന്നിവരും സന്നിഹിതരായിരുന്നു.

റവറന്റ് ഡോക്ടർ സന്തോഷ് തോമസ് ഓണ സന്ദേശം നൽകി. റവറന്റ് ഫാദർ ഫിലിപ്പ് ജി വർഗീസ് ആശംസ അറിയിച്ചു ഓണം നല്ലോണം പ്രകാശിപ്പിച്ചു. ഡോക്ടർ ജഗതി നായർ കോറിയോഗ്രാഫി ചെയ്ത തിരുവാതിര, ഗ്രൂപ്പ് ഡാൻസ്, ലിയാന സാമുവൽ, മെലീസ ജിജു, ജോയാന അഭീഷ് തുടങ്ങിയവർ നയിച്ച ഡാൻസ്, ഹൃദയ എമേഴ്സൺ കോറിയോഗ്രാഫി ചെയ്ത മെഗാ ഡാൻസ്, ഇമ്മാനുവൽ തോമസ്, രതീഷ്, ലിയാന, തോമസ് ചേലക്കാട്ട്, ദീപക് ആചാരി, ഗൗരി ദീപക്, കിഷോർ കുമാർ ഇവരുടെ ഗാനമേളകൾ എന്നിവ ഉണ്ടായിരുന്നു. ബിജോയ് ജോസപ്പ് എല്ലാ വിശിഷ്ടാതിഥികൾക്കും, സ്പോൺസേഴ്സിനും സ്നേഹത്തിന്റെ പൂച്ചെണ്ടുകളോടെ നന്ദി പറഞ്ഞു.

മുപ്പത്തിയൊന്നു തരം വിഭവങ്ങൾ വിളമ്പുന്നതിനായി പ്രത്യേക കസ്റ്റം പ്ലേറ്റുകളും സജ്ജമാക്കിയിരുന്നു. ഫുഡ് കോർഡിനേറ്റർ ഷാന്റി വർഗീസ് മികവുറ്റ വിഭവങ്ങൾ ഒരുക്കുന്നതിന് നേതൃത്വം നൽകി. മേലെ ചാക്കോ, കുര്യൻ വർഗീസ്, എമേഴ്സൺ ചാലിശ്ശേരി, ഗോപൻ നായർ, പദ്മനാഭൻ കുന്നത്ത്, ബിബിൻ ജോർജ്, സിനോജ് കമ്പിയിൽ, ജോമിനി ബിജോയ്, സൂസി ബിജോയ്, ബിന്ദു എമേഴ്സൺ, താരാ പദ്മകുമാർ, മെറിൻ ജോർജ് എന്നിവർ ഒത്തൊരുമയോടെ അതിഥികളെ സ്നേഹവിരുന്നിലേക്ക് നയിച്ചു.

സാറാമ്മ ഏലിയാസ്, റോഷൻ സജോ പെല്ലിശ്ശേരി, റാണി കൂട്ടുകെട്ടിൽ താലപ്പൊലി അരങ്ങേറി. മഹാബലിയായി കുര്യാക്കോസ് പൊടിമറ്റം വേഷമിട്ടു. നവകേരളയുടെ ഉത്സവവേളകൾ മനോഹരമായി അലങ്കരിക്കുന്ന കുര്യാക്കോസിനെ കമ്മറ്റി അംഗങ്ങൾ പ്രത്യകം അഭിനന്ദിച്ചു.

കർണമനോഹരമായ അത്ത പൂക്കളവും ഫോട്ടോ ബൂത്തും അതിഥികൾക്ക് ഹരം പകർന്നു. മനോഹരമായ ഫോട്ടോ ബൂത്ത് പ്രദർശിപ്പിച്ച ശിവകുമാർ, പ്രിയാ നായർ ദമ്പതികളെ പ്രസിഡന്റ് പനങ്ങയിൽ ഏലിയാസ് അഭിനന്ദിച്ചു. ചെണ്ടമേളവും, താലപ്പൊലിയും, മഹാബലിയും ഒന്നിച്ചപ്പോൾ എഴുന്നള്ളത്ത് ഗംഭീരമായി. ചെണ്ടമേളത്തിനു ചുക്കാൻ പിടിച്ച മോഹൻ നാരായൺ, ശ്രുതി ലയ താളം പ്രത്യേകം അഭിനന്ദനം അർഹിച്ചു.

## നാം ഓരോരുത്തരും ദൈവത്തിന്റെ പ്രതീകങ്ങളെന്ന് ബസേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ



ഹൂസ്റ്റൺ: ദൈവത്തിന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടിരിക്കുന്ന നാം ഓരോരുത്തരും ദൈവത്തിന്റെ പ്രതീകങ്ങൾ ആണെന്ന് പരിശുദ്ധ കാതോലിക്കാ ബാവ. പാമ്പാടി തിരുമേനിയുടെ ഐക്കൺ പ്രതിഷ്ഠ ഹൂസ്റ്റണിലെ ഊർശ്ലേം അരമന ച്ചാപ്പലിൽ നടത്തി സംസാരിക്കുകയായിരുന്നു ബാവ തിരുമേനി.

ഐക്കണുകൾ മലങ്കര സഭയുടെ പാരമ്പര്യത്തിന്റെ ഭാഗമാണ്. ഓരോ ഐക്കണുകളും ദൈവവുമായുള്ള ബന്ധത്തെ ഓർമിപ്പിക്കുന്നതും പരിശുദ്ധിയിലും ദൈവകൃപയിലും വളരുവാൻ നമ്മെ ക്ഷണിക്കുന്നതും ആണെന്ന് ബാവ പറഞ്ഞു.

ജീവിത വിശുദ്ധിയും ദൈവീക സാക്ഷ്യങ്ങളും കൊണ്ട് പരിശുദ്ധൻ എന്നല്ലാതെ പരുമല തിരുമേനിയെയും പാമ്പാടി തിരുമേനിയെയും നമുക്ക് വിളിക്കാൻ കഴിയുകയില്ലെന്ന് പരിശുദ്ധ കാതോലിക്കാ ബാവ തിരുമേനി അഭിപ്രായപ്പെട്ടു.

പരിശുദ്ധ പാമ്പാടി തിരുമേനിയുടെ ജീവിതവും സന്ദേശവും അടുത്ത തലമുറയിലേക്ക് പകർന്നു നൽകേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണെന്ന് പ്രത്യേക സന്ദേശത്തിൽ അമേരിക്കൻ സൗത്ത് വെസ്റ്റ് ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ. തോമസ് മാർ ഇവാനിയോസ് മെത്രാപ്പോലീത്ത ഓർമ്മിപ്പിച്ചു.

കോട്ടയം ഭദ്രാസനാധിപൻ ഡോ.യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്തായുടെ വീഡിയോ സന്ദേശം പ്രദർശിപ്പിച്ചു.

തന്റെ പിതാവിന് ഏറ്റവും പ്രിയപ്പെട്ട പാമ്പാടി തിരുമേനിയുടെ ഐക്കൺ പ്രതിഷ്ഠ ചടങ്ങിൽ പങ്കെടുക്കാൻ കഴിഞ്ഞത് അനുഗ്രഹമാണെന്ന് പുതുപ്പള്ളി എം.എൽ.എ അഡ്വക്കേറ്റ് ചാണ്ടി ഉമ്മൻ പറഞ്ഞു.

ഭദ്രാസന സെക്രട്ടറി റവ.ഫാ. ജോർജ് എസ്. മാത്യൂസ് എല്ലാവർക്കും സ്വാഗതം ആശംസിച്ചു. റവ. വടശ്ശേരിൽ വർഗീസ് കോർ എപ്പിസ്കോപ്പ. റവ.ഫാ.അലക്സാണ്ടർ ജെയിംസ് കുര്യൻ, റവ.ഫാ.പി എം ചെറിയാൻ, റവ. ഫാ. രാജേഷ് കെ ജോൺ, റവ.ഫാ.വറുഗീസ് തോമസ്, റവ.ഫാ.ക്രിസ്റ്റഫർ മാത്യു എന്നിവർ പങ്കെടുത്തു.

പാമ്പാടി തിരുമേനി ഗ്ലോബൽ കമ്മ്യൂണിറ്റിയെ പ്രതിനിധീകരിച്ച് മനോജ് മാത്യു എല്ലാവർക്കും നന്ദി രേഖപ്പെടുത്തി. പാമ്പാടി തിരുമേനി ഗ്ലോബൽ കമ്മ്യൂണിറ്റി സംഘടിപ്പിച്ച ചടങ്ങിൽ ഹൂസ്റ്റൺനിലെയും സമീപ ഇടവകകളിലെയും വിശ്വാസികൾ ശുശ്രൂഷകളിലും ശേഷം നടക്കുന്ന സ്നേഹ വിരുന്നിലും പങ്കെടുത്തു.

## മേരിലാൻഡ് ഗവർണർ വെസ് മൂർ സെപ്റ്റംബർ 20 ഇന്ത്യൻ അമേരിക്കൻ പൈതൃകദിനമായി പ്രഖ്യാപിച്ചു




– രഞ്ജിനി രാമചന്ദ്രൻ

ഇന്ത്യൻ അമേരിക്കൻ പൈതൃകത്തെ ആഘോഷിക്കുന്നതിന്റെ ഭാഗമായി മേരിലാൻഡ് ഗവർണർ വെസ് മൂർ സെപ്റ്റംബർ 20 ഇന്ത്യൻ അമേരിക്കൻ ഹെറിറ്റേജ് ഡേ ആയി പ്രഖ്യാപിച്ചു.

ഗൊവാർഡ് കൗണ്ടി ഫെയർ ഗ്രൗണ്ടിൽ നടന്ന ഏഴാമത് ഫെസ്റ്റിവർ ഓഫ് ഇന്ത്യയോടനുബന്ധിച്ചാണ് ഈ പ്രഖ്യാപനം. സംസ്ഥാനത്തെ ഏറ്റവും വലിയ ഇന്ത്യൻ സാംസ്കാരിക കൂട്ടായ്മയാണിത്.

ഇൻഡ്യൻ കൾച്ചറൽ അസോസിയേഷന്റെ ആതിഥേയത്വത്തിൽ നടന്ന ഈ ഉത്സവം ആയിരങ്ങളെ ആകർഷിച്ചു.

അഞ്ഞൂറിലധികം കലാകാരന്മാർ അണിനിരന്ന ഈ വേദിയിൽ ക്ലാസിക്കൽ, നാടൻ, ബോളിവുഡ് നൃത്തങ്ങൾ, ഫാഷൻ ഷോ എന്നിവ അരങ്ങേറി.



ഫ്ലോറിഡ നവകേരളാ മലയാളി അസോസിയേഷന്റെ മുപ്പത്തിയൊന്നാം വർഷ ഓണാഘോഷത്തിൽ നിന്നും

# പഴയകാല ക്രിസ്തീയ ഗാനങ്ങളുടെ ഓർമ്മകൾ അയവിറക്കി സ്നേഹ സങ്കീർത്തനം ഡാളസിൽ




**- വിനോദ് കൊണ്ടൂർ ഡേവിഡ്**

മെസ്കീറ്റ്/ഡാളസ്: വെളിവു നിറഞ്ഞോരീശോ നിൻ വെളിവായ് കാണുന്നു മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ അതി മനോഹര കുർബ്ബാന ഗാനങ്ങൾ, കോട്ടയം ഉപ്പെടെയുള്ള മദ്ധ്യ തിരുവതാംകൂർ ഭാഗത്തുള്ള ഏതൊരു മലയാളിക്കും ഒരു പക്ഷെ കേട്ടു പരിചയമെങ്കിലും ഉണ്ടാകും. മറ്റു പഴയ കാല ക്രിസ്തീയ ഗാനങ്ങളായ മൽപ്രീയനേ എന്നേശു നായകനേ, പ്രാർത്ഥന കേൾക്കണമേ കർത്താവേ തുടങ്ങിയ ഗാനങ്ങൾ കഴിഞ്ഞ കാലഘട്ടത്തിലേക്ക് ഊളിയിട്ടു കൊണ്ടു പോകുമെന്നതിൽ അശേഷം സംശയമില്ല. ഈ ഗാനങ്ങളൊക്കെ ഉൾപ്പെടുത്തി, പ്രശസ്ത സംഗീതജ്ഞനും, സ്വർഗ്ഗീയ ഗാനാലാപകനുമായ റോയ് പുത്തൂർ സ്വതസിദ്ധ ശൈലിയിൽ ക്രിസ്തീയ സംഗീത സന്ധ്യയുമായി എത്തുകയാണ് ഡാളസ്സിനടുത്ത് മെസ്കിറ്റ് സിറ്റിയിൽ. ഒപ്പം പ്രശസ്ത ഐഡിയ സ്റ്റാർ സിംഗർ താരം ഇമ്മാനുവേൽ ഹെൻറി, മരിയ കോലടി, മെറിൻ ജോർജ് തുടങ്ങിയ അനുഗ്രഹീത ഗായകസംഘം ലൈവായി അവതരിപ്പിക്കുന്നു.

2025 ഒക്ടോബർ 10ന് ഷാരൺ ഇവന്റ് സെന്ററിൽ വച്ച് വൈകിട്ട് 6.30 മുതൽ 9.30 മണി വരെയാണ് ഈ ക്രിസ്തീയ ഗാനാഘോഷ പരിപാടികൾ നടത്തപ്പെടുന്നത്.

ഒട്ടനവധി സ്പാനിഷ് വംശജരുണ്ടെങ്കിലും, മെസ്കിറ്റ്, സണ്ണിവേയ്ൽ, ഗാർലണ്ട് തുടങ്ങിയ സിറ്റികളിലെ മലയാളി ക്രിസ്ത്യാനികളിൽ ഭൂരിഭാഗം പേരും വളരെ വർഷങ്ങൾക്ക് മുൻപേ കേരളത്തിൽ നിന്നും അമേരിക്കൻ ഐക്യനാടുകളിലേക്ക് കുടിയേറിയവരാണ്. അതു കൊണ്ട് തന്നെ കൂടുതലും കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശൂർ എന്നിവിടങ്ങളിൽ നിന്നുള്ള മലയാളികൾ ഇവിടെ തിങ്ങിപ്പാർക്കുന്നു. അടുത്തടുത്ത് കിടക്കുന്ന ഈ മൂന്ന് സിറ്റികളിലുമായി നാട്ടിലെ സാധനങ്ങൾ ലഭിക്കുന്ന ആൽബ, അച്ചായൻസ്, താജ്മഹൽ, ഹിമാലയാ, ഗ്ലോറിയാസ്, റോയൽ, കിയ തുടങ്ങി ഒട്ടനവധി മലയാളി ഗ്രോസറി കടകൾ ഇന്ത്യാ ഗാർഡൻ മലയാളി റസ്റ്റോറന്റ് എല്ലാം ഉണ്ട്. ഇവിടങ്ങളിലെല്ലാം സ്നേഹ സങ്കീർത്തനം പരിപാടിയെ കുറിച്ചുള്ള വിവരങ്ങളടങ്ങിയ ഫ്ളയറുകളും, ക്യൂ ആർ കോഡ് ഉപയോഗിച്ചു ടിക്കറ്റുകൾ വാങ്ങിക്കുവാനുമുള്ള സൗകര്യവുമുണ്ട്.

ഏകദേശം 70കളിലാണ് അമേരിക്കൻ ഐക്യനാടുകളിലേക്ക് മലയാളികൾ കുടിയേറാൻ തുടങ്ങിയത്. നേരിട്ട് ഡാളസിലും അതു പോലെ ന്യൂയോർക്കിലും ഫിലഡൽഫിയയിലും ഒക്കെ ഇറങ്ങിയ ശേഷം, ഡാളസിലേക്ക് കുടിയേറിയ ഒട്ടനവധി മലയാളി കുടുംബങ്ങളെ നമുക്ക് ഇവിടെ കാണാം. ഇപ്പോൾ കാലിഫോർണിയയിൽ നിന്നാണ് ഏറിയ പങ്കും ഡാളസിലേക്ക് താമസം മാറി വരുന്നത്. സമ്മറിൽ ചൂട് അൽപ്പം കൂടുതലാണെങ്കിലും, ഹറിക്കേൻ, വിന്റർ സ്റ്റോം, കാട്ടുതീ എന്നിവകൾ കുറവാണ് എന്നതും ജോലി സാധ്യത കൂടുതൽ ഉള്ളതും ആണ് ഡാളസിലേക്ക് ആളുകൾ പ്രത്യേകിച്ച് മലയാളികളെ താമസം മാറുവാൻ പ്രേരിപ്പിക്കുന്നത്.

ഈ ഒക്ടോബർ 10ന് നടക്കുന്ന ക്രിസ്തീയ സംഗീത സായാഹ്നത്തിലേക്കു മെസ്കിറ്റിലും പരിസര പ്രദേശങ്ങളിലും, ഒപ്പം ഡാളസ്, ആർലിങ്ങ്ടൺ, ഫ്ളവർ മൗണ്ട്, കൊപ്പൽ, കരോൾട്ടൺ, ഗ്രാൻഡ് പ്രയറി, ലൂയിസ് വില്ല്, പ്ലേനോ, റിച്ചാർഡ്സൺ, ഫ്രിസ്ക്കോ, വൈലി, റൗലറ്റ്, ഗാർലൻഡ്, സണ്ണിവേയ്ൽ, ഫോർണി, ടെറൽ, ഡിസോട്ടോ, ലാൻകാസ്റ്റർ, ഫോർട്ട് വർത്ത് തുടങ്ങി മലയാളികൾ തിങ്ങി പാർക്കുന്ന എല്ലാ മേഖലകളിൽ നിന്നുമുള്ള ആളുകളെ ഹൃദയപൂർവ്വം ഈ പരിപാടിയിലേക്ക് ക്ഷണിക്കുകയാണ് സംഘാടകർ.

ഡാളസിൽ, എസ്തബാൻ എന്റർടെയ്ൻമെന്റ് അവതരിപ്പിക്കുന്ന ആദ്യത്തെ പരിപാടിയാണ് സ്നേഹ സങ്കീർത്തനം. പരിപാടിയിൽ നിന്നു ലഭിക്കുന്നതിന്റെ ഒരു ഭാഗം ഡാളസിലെ തന്നെ കുട്ടികൾക്കായിട്ടുള്ള സ്ക്കോട്ടിഷ് റൈറ്റ് ഫോർ ചിൽഡ്രൻ ഹോസ്പ്പിറ്റൽ ചാരിറ്റി പ്രവർത്തനത്തിനായി ഉപയോഗിക്കും എന്ന് സംഘാടകർ അറിയിച്ചു.

കൂടുതൽ വിവരങ്ങൾക്കും ടിക്കറ്റിനും നിങ്ങളുടെ ബിസിനസ്സ് സ്പോൺസർഷിപ്പുകൾക്കുമായി ദയവായി ബന്ധപ്പെടുക:
വിനോദ് കൊണ്ടൂർ 313 208 4952, സ്റ്റാൻലി സ്റ്റീഫൻ 267 912 4400, നീൽ തോമസ് 469 258 9522, റോബി ജെയിംസ് 817 696 7450.

# 16-ാമത് കെ.സി.സി.എൻ.എ. കൺവെൻഷൻ ഫ്ലോറിഡയിലെ ഫോർട്ട് ലോഡർഡെയിൽ



ചിക്കാഗോ: നോർത്ത് അമേരിക്കയിലെ ക്നാനായ കത്തോലിക്കാ സമൂഹത്തിന്റെ ഏറ്റവും വലിയ സംഗമമായ കെ.സി.സി.എൻ.എ. കൺവെൻഷന്റെ 16-ാമത് പതിപ്പിന് ഫ്ലോറിഡയിലെ ഫോർട്ട് ലോഡർഡെയിൽ വേദിയാകും. 2026 ഓഗസ്റ്റ് 6 മുതൽ 10 വരെ ഫോർട്ട് ലോഡർഡെയിലെ ബ്രോവാർഡ് കൗണ്ടി കൺവെൻഷൻ സെന്ററിൽ വെച്ച് കൺവെൻഷൻ നടക്കും. ചിക്കാഗോയിൽ വെച്ച് നടന്ന ക്നാനായ കത്തോലിക്ക കോൺഗ്രസ് ഓഫ് നോർത്ത് അമേരിക്ക നാഷണൽ കൗൺസിൽ യോഗത്തിലാണ് ഈ പ്രഖ്യാപനം നടന്നത്. കെ.സി.സി.എൻ.എ. പ്രസിഡന്റ് ജെയിംസ് ഇല്ലിക്കൽ, ജനറൽ സെക്രട്ടറി വിപിൻ ചാലുങ്കൽ എന്നിവർ ഇക്കാര്യം അറിയിച്ചു.

കൺവെൻഷനിൽ പങ്കെടുക്കുന്നവർക്കായി ഫോർട്ട് ലോഡർഡെയിലെ പുതിയ ഹോട്ടൽ സമുച്ചയമായ ഓമ്നി ഹോട്ടലിൽ താമസസൗകര്യം ഒരുക്കും. അമേരിക്കയിൽ നിന്നും കാനഡയിൽ നിന്നുമുള്ള ആയിരക്കണക്കിന് ക്നാനായ കുടുംബങ്ങളെ ഒരുമിപ്പിക്കാൻ മഹാസംഗമം ലക്ഷ്യമിടുന്നു. ടാമ്പാ, മയാമി ക്നാനായ കത്തോലിക്ക അസോസിയേഷനുകളാണ് കൺവെൻഷന് സംയുക്തമായി ആതിഥേയത്വം വഹിക്കുന്നത്. 2012ലെ ടാമ്പാ കൺവെൻഷന് ശേഷം ഫ്ലോറിഡ വീണ്ടും വേദിയാകുന്നു എന്നതാണ് പ്രത്യേകത.

ദക്ഷിണ ഫ്ലോറിഡയിലെ ക്നാനായ സമൂഹം ആദ്യമായാണ് ഇത്ര വലിയൊരു സമ്മേളനത്തിന് ആതിഥേയത്വം വഹിക്കുന്നത്. കൺവെൻഷൻ ലൊക്കേഷന്റെ വിശദാംശങ്ങൾ കെ.സി.സി.സി.എഫ്. പ്രസിഡന്റ് ജയ്മോൾ മൂശാരിപ്പറമ്പിൽ, ടാമ്പാ ആർ. വി.പി. ജോബി ഊരാളിൽ, അറ്റ്ലാന്റ മയാമി ആർ. വി.പി. അരുൺ പൗവത്തിൽ എന്നിവർ നാഷണൽ കൗൺസിൽ യോഗത്തിൽ അവതരിപ്പിച്ചു. വിശുദ്ധ കുർബാന, യുവജന ശിശു പരിപാടികൾ, നേതൃസമ്മേളനങ്ങൾ, സെമിനാറുകൾ, സാംസ്കാരിക മേളകൾ, കലാകായിക മത്സരങ്ങൾ എന്നിവ ഉൾപ്പെടെയുള്ള വിപുലമായ പരിപാടികളാണ് കൺവെൻഷനിൽ സംഘടിപ്പിക്കുക. ക്നാനായ പാരമ്പര്യം ഉയർത്തിപ്പിടിക്കുന്ന കലാപരിപാടികളും ഉണ്ടാകും.

16-ാമത് കെ.സി.സി.എൻ.എ. കൺവെൻഷൻ വെറുമൊരു സംഗമം മാത്രമല്ല, നമ്മുടെ സമുദായ പാരമ്പര്യത്തിന്റെയും ബന്ധങ്ങളുടെയും മഹോത്സവം കൂടിയാണ്- കെ.സി.സി.എൻ.എ. എക്സിക്യൂട്ടീവ് കമ്മറ്റി അറിയിച്ചു. മികച്ച സൗകര്യങ്ങളും തന്ത്രപ്രധാനമായ സ്ഥലവുമുള്ള ബ്രോവാർഡ് കൗണ്ടി കൺവെൻഷൻ സെന്റർ, ലോകത്തിലെ ഏറ്റവും വലിയ ക്നാനായ സംഗമങ്ങളിൽ ഒന്നിന് അനുയോജ്യമായ അന്തരീക്ഷം ഒരുക്കും. രജിസ്ട്രേഷൻ, താമസം, പരിപാടികളുടെ വിശദാംശങ്ങൾ എന്നിവ ഉടൻ അറിയിക്കുമെന്ന് എക്സിക്യൂട്ടീവ് കമ്മിറ്റി കൂട്ടിച്ചേർത്തു.

ജെയിംസ് ഇല്ലിക്കൽ (ഫ്ളോറിഡ) പ്രസിഡണ്ട്, സിജു ചെരുവൻകാലായിൽ (ന്യൂയോർക്ക്) എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ട് , വിപിൻ ചാലുങ്കൽ (ചിക്കാഗോ) ജനറൽ സെക്രട്ടറി, സൂസൻ തെങ്ങുംതറയിൽ (സാൻ ഹൊസെ) ജോയിന്റ് സെക്രട്ടറി, ജോജോ തറയിൽ (ഹൂസ്റ്റൺ) ട്രഷറർ, ജേക്കബ് കുസുമാലയം (ന്യൂ യോർക്ക്) വൈസ് പ്രസിഡണ്ട്, ജെസ്നി കൊട്ടിയാനിക്കൽ (അറ്റ്ലാന്റ) ജോയിന്റ് ട്രഷറർ എന്നിവരാണ് നേതൃത്വം നൽകുന്നത്.

റീജിയണൽ വൈസ് പ്രസിഡണ്ടുമാരായ ഫിലിപ്സ് മാത്യു മാപ്പളശേരിൽ (ഹൂസ്റ്റൺ), അരുൺ ജോർജ് പൗവ്വത്തിൽ (മയാമി), സിൽവസ്റ്റർ സിറിയക്ക് കൊടുന്നിനാംകുന്നേൽ (ഡാളസ്), ബാബു തൈപ്പറമ്പിൽ (ചിക്കാഗോ), സജി ജോസഫ് ഒരപ്പാങ്കൽ (ന്യൂയോർക്ക്), ഗോഡ്വിൻ കൊച്ചുപുരക്കൽ (മിനസോട്ട), ടോമി ജോസഫ് തെക്കനാട്ട് (വാഷിംഗ്ടൺ), ജോ മാനുവൽ മരങ്ങാട്ടിൽ (സാക്രമെന്റോ), ജോബി ഫിലിപ്പ് ഊരാളിൽ (ഫ്ലോറിഡ), മിന്നു എബ്രഹാം കൊടുന്നിനംകുന്നേൽ (കാനഡ), വിമൻസ് ഫോറം നാഷണൽ പ്രസിഡണ്ട് ഡാനി പല്ലാട്ടുമഠം (ഡാളസ്), ആൽവിൻ പിണർക്കയിൽ (ചിക്കാഗോ), യുവജനവേദി നാഷണൽ പ്രസിഡണ്ട് പുന്നൂസ് വഞ്ചിപുരക്കൽ (ടാമ്പ), സ്പിരിച്വൽ ഡയറക്ടർ റവ. ഫാ.ബോബൻ വട്ടംപുറത്ത് (സാൻ അന്റോണിയ വികാരി) എന്നിവരടങ്ങിയതാണ് കെ.സി.സി.എൻ.എ എക്സിക്യൂട്ടീവ് കമ്മറ്റി.

# ഡാളസ് ക്രിസ്തുരാജ ക്നാനായ കത്തോലിക്ക ഇടവക വി.മത്തായി ശ്ലീഹയുടെ തിരുന്നാൾ ആഘോഷിച്ചു



ഡാളസ്: ക്രിസ്തുരാജ ക്നാനായ കത്തോലിക്ക ഇടവക ദൈവാലയത്തിൽ വി.മത്തായി ശ്ലീഹയുടെ തിരുന്നാൾ ഭക്തിനിർഭരമായി ആഘോഷിച്ചു.

വികാരി ഫാ.ബിൻസ് ചേത്തലിൽ ചുങ്കസ്ഥലത്ത് നിന്നും ക്രിസ്തുവിന്റെ ചങ്കിലേക്ക് മത്തായി ശ്ലീഹയെ പോലെ ജീവിതം ഒരു യാത്രയാക്കണം എന്ന് സന്ദേശത്തിൽ ഓർമ്മപ്പെടുത്തി. വി.കുർബാനയ്ക്ക് ശേഷം മത്തായി നാമധാരികൾക്ക് പ്രത്യേക ആശീർവ്വാദവും ആശംസകളും അർപ്പിച്ചു.

## എഡ്മന്റൺ മലയാളി അസോസിയേഷൻ മലയാളം പഠനകേന്ദ്രം ഉദ്ഘാടനം ചെയ്തു

**- ജോസഫ് ജോൺ കാൽഗറി**

എഡ്മന്റൺ: എഡ്മന്റൺ മലയാളി അസോസിയേഷന്റെ നേതൃത്വത്തിൽ ആരംഭിച്ച മലയാളഭാഷാ പഠനകേന്ദ്രം കനേഡിയൻ എം.പി. സിയാദ് അബുൾത്തൈഫ് നിലവിളക്ക് കൊളുത്തി ഉദ്ഘാടനം ചെയ്തു. എഡ്മന്റണിലെ മലയാളി കുട്ടികൾക്ക് മലയാളം പഠിക്കുന്നതിനുള്ള ഒരു പുതിയ വഴികാട്ടിയാകും ഈ പഠനകേന്ദ്രം.

ഉദ്ഘാടനച്ചടങ്ങിൽ എഡ്മന്റൺ സിറ്റി കൗൺസിലർ ടിം കാർട്ട്മെൽ, രഞ്ജിത് സിംഗ് ബാത്ത്, ബനീശ സന്ധു എന്നിവർ ആശംസകൾ നേർന്നു. കൂടാതെ, മലയാളം മിഷൻ ഡയറക്ടർ മുരുകൻ കാട്ടാക്കട, മലയാളം മിഷൻ കാനഡ കോർഡിനേറ്റർ ജോസഫ് ജോൺ കാൽഗറി എന്നിവർ വീഡിയോ സന്ദേശങ്ങളിലൂടെ പരിപാടിക്ക് പ്രത്യേക ആശംസകൾ അറിയിച്ചു.

ഈ പഠനകേന്ദ്രം എഡ്മന്റണിലെ മലയാളം സമൂഹത്തിന് ഒരു നാഴികക്കല്ലായി മാറുമെന്നും, ഭാഷയും സംസ്കാരവും അടുത്ത തലമുറയിലേക്ക് കൈമാറുന്നതിൽ നിർണ്ണായക പങ്കുവഹിക്കുമെന്നും നേർമ ഭാരവാഹികൾ പറഞ്ഞു. മലയാളം പഠിക്കാനും, കേരളത്തിന്റെ പൈതൃകം മനസ്സിലാക്കാനും കുട്ടികൾക്ക് ഇത് ഒരു മികച്ച അവസരം നൽകും. എഡ്മന്റൺ മലയാളി അസോസിയേഷൻ മലയാളം പഠനകേന്ദ്രം ഉദ്ഘാടനം ചെയ്തു.

## സ്നേഹ സങ്കീർത്തനം 10ന് ഡാളസിൽ

**- വിനോദ് കൊണ്ടൂർ ഡേവിഡ്**

ഡാളസ്/മെസ്കിറ്റ്: സ്വർഗ്ഗീയ സംഗീതത്തിന്റെ മാസ്മരികത ഉയർത്തി ക്രിസ്തീയ ഗായകനും ഐഡിയ സ്റ്റാർ സിംഗർ താരവുമായ ഇമ്മാനുവേൽ ഹെൻറിയും സംഘവും ഡാളസ് പട്ടണത്തിൽ ഈ സെപ്റ്റംബറിൽ സംഗീത സന്ധ്യയുമായി എത്തുകയാണ്. ഇമ്മാനുവേൽ ഹെൻറിയോടൊപ്പം, പ്രശസ്ത ഗായകരായ റോയ് പുത്തൂർ, മെറിൻ ഗ്രിഗറി, മരിയ കോലടി എന്നിവരും പങ്കെടുക്കുന്നുണ്ട്. അമേരിക്കൻ ഐക്യനാടുകളിലെ പര്യടനത്തിനെത്തുന്നതിന്റെ ഭാഗമായാണ് സ്നേഹസങ്കീർത്തനം ടീം, പ്രമുഖ സിറ്റിയായ ഡാളസ്സിലും പരിപാടി സംഘടിപ്പിക്കുന്നത്.

എസ്തബാൻ എന്റർടേയിൻമെന്റ് ആണ് സ്നേഹ സങ്കീർത്തനം ഡാളസ് മെട്രോപ്ലക്സിൽ എത്തിക്കുന്നത്. വളരെ മിതമായ (25 ഡോളർ) നിരക്കിലാണ് ടിക്കറ്റുകൾ വിറ്റുവരുന്നത്. പരിപാടിയിൽ നിന്നു ലഭിക്കുന്നതിന്റെ ഒരു ഭാഗം ഡാളസിലെ തന്നെ കുട്ടികൾക്കായിട്ടുള്ള സ്കോട്ടിഷ് റൈറ്റ് ഫോർ ചിൽഡ്രൻ ഹോസ്പ്പിറ്റൽ ചാരിറ്റി പ്രവർത്തനത്തിനായി ഉപയോഗിക്കും എന്ന് സംഘാടകർ അറിയിച്ചു.

2025 ഒക്ടോബർ 10ന് ഷാരൺ ഇവന്റ് സെന്ററിൽ വച്ച് വൈകിട്ട് 6.30 മണി മുതൽ 9.30 വരെയാണ് ഈ ക്രിസ്തീയ ഗാനാഘോഷ പരിപാടികൾ നടത്തപ്പെടുന്നത്. പരിപാടിയുടെ വിജയത്തിന് ഡാളസ്സിലെ മലയാളി സമൂഹത്തിന്റെ പിൻതുണ സംഘാടകർ അഭ്യർത്ഥിച്ചു.

കൂടുതൽ വിവരങ്ങൾക്കും ടിക്കറ്റിനും നിങ്ങളുടെ ബിസിനസ്സ് സ്പോൺസർഷിപ്പുകൾക്കുമായി ദയവായി ബന്ധപ്പെടുക:
വിനോദ് കൊണ്ടൂർ 313 208 4952, സ്റ്റാൻലി സ്റ്റീഫൻ 267 912 4400, നീൽ തോമസ് 469 258 9522, റോബി ജെയിംസ് 817 696 7450.

## യുകെയിൽ അനീമിയ രോഗത്തെ തുടർന്ന് ചികിത്സയിലിരുന്ന മലയാളി നഴ്സ് മരിച്ചു

ലെസ്റ്റർ: യുകെയിൽ അനീമിയ രോഗത്തെ തുടർന്ന് ചികിത്സയിലിരുന്ന മലയാളി നഴ്സ് മരിച്ചു. ലെസ്റ്ററിലെ സ്വകാര്യ കെയർ ഹോമിൽ ജോലി ചെയ്തിരുന്ന തിരുവല്ല സ്വദേശിനി ബ്ലെസി സാംസൺ (48) ആണ് മരിച്ചത്. മധ്യപ്രദേശിലെ ഇൻഡോറിൽ കുടുംബമായി താമസിച്ചിരുന്ന ബ്ലെസി നാട്ടിൽ നഴ്സായിരുന്നു. 2023 മാർച്ചിലാണ് ലെസ്റ്ററിൽ കെയറർ വിസയിൽ എത്തിയത്. ഏകദേശം അഞ്ച് മാസമാണ് സ്ഥിരമായി ജോലിക്ക് പോകാൻ കഴിഞ്ഞത്. പിന്നീട് അനീമിയ രോഗത്തെ തുടർന്നുള്ള ചികിത്സകളിലായിരുന്നു. ഇൻഡോർ മലയാളിയായ സാംസൺ ജോൺ ആണ് ഭർത്താവ്. അനന്യ (17), ജൊവാന (12) എന്നിവരാണ് മക്കൾ. മൃതദേഹം നാട്ടിലെത്തിച്ച് അന്തിമോപചാരം അർപ്പിക്കുവാൻ അവസരം ഒരുക്കണമെന്നാണ് ബ്ലെസിയുടെ ഭർത്താവിന്റെയും മക്കളുടെയും ആഗ്രഹം. ഇതിനായി യുകെയിലെ മലയാളി സമൂഹത്തിന്റെ സഹായം അഭ്യർത്ഥിച്ചിരിക്കുകയാണ് ബ്ലെസിയുടെ കുടുംബം. ബ്ലെസിയുടെ കുടുംബത്തെ സഹായിക്കുന്നതിനും മൃതദേഹം നാട്ടിൽ എത്തിക്കാനും ലെസ്റ്റർ കേരള കമ്മ്യൂണിറ്റിയുടെ നേതൃത്വത്തിൽ ഫണ്ട് ശേഖരണം തുടങ്ങിയിട്ടുണ്ട്. ക്രമീകരണങ്ങൾ പൂർത്തിയായാൽ മൃതദേഹം വേഗം നാട്ടിലെത്തിക്കും.

## ദൈവത്തിന്റെ വിവിധങ്ങളായ ഇടപെടലിനാൽ നാം സന്തുഷ്ടരായിരിക്കണം– ഡോ. ജോർജ് ചെറിയാൻ



**- സജി പുല്ലാട്**

ഹൂസ്റ്റൺ: ദൈവത്തിന്റെ കൃപയാലും, വാതിലുകൾ അടയ്ക്കപ്പെടുമ്പോഴും, കർത്താവിന്റെ ക്രൂശ് വഹിക്കുന്നതിനാലും, കർത്താവിനെ അടുത്തറിയുകയും, ദൈവ മഹത്വത്തിലേക്ക് നയിക്കുകയും ചെയ്യപ്പെടുന്ന അനുഭവങ്ങളായി പരിണമിക്കുന്നു. ഇതുമൂലം വ്യക്തിജീവിതങ്ങളും, കുടുംബജീവിതവും, തലമുറകളും, സമൂഹവും അനുഗ്രഹിക്കപ്പെടുന്നു. യൂണിയൻ ക്രിസ്ത്യൻ ഫെലോഷിപ്പിന്റെ (യു സി എഫ്) ഈ വർഷത്തെ 38 -ാമത് പ്രതിവാര യോഗത്തിൽ വചന ശുശ്രൂഷ നിർവഹിക്കുകയായിരുന്നു വേദപണ്ഡിതനും, മിഷൻസ് ഇന്ത്യ ജനറൽ സെക്രട്ടറിയുമായ ഡോ. ജോർജ്ജ് ചെറിയാൻ.

അനിയൻ ചാക്കച്ചേരി ആൻസി ദമ്പതികളുടെ ഭവനത്തിൽ കൂടിയ യോഗത്തിൽ മത്തായി കെ മത്തായി അധ്യക്ഷത വഹിച്ചു.

റവ. ജേക്കബ് ജോർജിന്റെ പ്രാരംഭ പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ, മാത്യു വർഗീസ് (ജോർജജുകുട്ടി) മധ്യസ്ഥ പ്രാർത്ഥന നടത്തി. റവ.ഫാ. ജിജോമോൻ സി.എം. അനുഭവസാക്ഷ്യങ്ങൾ പങ്കുവെച്ചു. ഡോ. ജോർജ് ചെറിയാന്റെ വചന ശുശ്രൂഷയെ തുടർന്ന് നിരവധി വിശ്വാസികൾ സാക്ഷ്യങ്ങൾ നിർവഹിച്ചു.

സാറ, അന്ന എന്നിവർ മനോഹരമായ ഒരു ഇംഗ്ലീഷ് ഗാനം ആലപിച്ചു. ഡോ.കെ.ഇ മാത്യുവിന്റെ (കുഞ്ഞുമോൻ, ലൂസിയാന) സമാപന പ്രാർത്ഥനയ്ക്ക് ശേഷം റവ.ജേക്കബ് ജോർജ്ജ് ആശിർവാദം നിർവഹിച്ചു.

പ്രസിഡന്റ് മത്തായി കെ മത്തായി സ്വാഗതവും, ട്രഷറർ പി.ഐ. വർഗീസ് നന്ദിയും അർപ്പിച്ചു. യു. സി.എഫ് ക്വയർ ഗാന ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

## റോക്ലാൻഡ് ക്നാനായ സെന്റ് മേരീസ് കത്തോലിക്ക ഇടവക ഫാ. ബിബി തറയിലിന് യാത്രയയപ്പ് നൽകി



**- ജസ്റ്റിൻ ചാമക്കാല**

കഴിഞ്ഞ 6 വർഷമായി ന്യൂയോർക്കിലെ റോക്ലാൻഡ് ക്നാനായ സെന്റ് മേരീസ് കത്തോലിക്ക പള്ളിയുടെ വികാരി ആയിരുന്ന റവ.ഫാ.ഡോക്ടർ ബിബി തറയിലിന് ഇടവക സമൂഹം ഊഷ്മളമായ യാത്രയയപ്പ് നൽകി. ന്യൂജേഴ്സി ഫിലാഡൽഫിയ ക്നാനായ പള്ളികളുടെ ചുമതലക്കാരനായി മാറുന്ന ഫാ. ബിബിന് സ്നേഹഷ്മളമായ യാത്രയയപ്പാണ് റോക്ലാൻഡ് ഇടവക സമൂഹം നൽകിയത്. 2019ൽ റോക്ലാൻഡ് ഇടവകയിൽ എത്തുമ്പോൾ ധാരാളം പ്രതിസന്ധികളെ ഇടവക സമൂഹം നേരിട്ടിരുന്നു. വലിയ മോർട്ടഗേജ് പൂർത്തിയാകാത്ത നിർമാണ പ്രവർത്തനങ്ങൾ എല്ലാം ഒന്നായി മറികടന്നു സ്വയം പര്യാപ്തതയിൽ എത്തിച്ചു എന്ന് മാത്രമല്ല സാമ്പത്തികമായി മിച്ച ബഡ്ജറ്റിൽ ഇടവകയെ എത്തിച്ചു. റോക്ക്ലാന്റിൽ ഈ ചെറിയ സമൂഹം ബഹു. ബീബി അച്ചന്റെ നേതൃത്വത്തിൽ കേരളത്തിൽ നിസ്സഹായരായ കുടുംബങ്ങൾക്ക് 5 വീടുകൾ നിർമ്മിച്ചു നൽകി. കൂടാതെ റാഫേൽ തട്ടിൽ പിതാവിന്റെ സ്നേഹനിർദ്ദേശം മാനിച്ചു ഉത്തരേന്ത്യ യിലെ ഷം ഷാ ബാദ് രൂപതയ്ക്ക് രണ്ടു ദേവാലയങ്ങൾ പണിതു നൽകി. ബീബി അച്ചന്റെ ശുശ്രൂഷ കാലത്തു ഇടവകയുടെ അംഗബലം ഇരട്ടിയായി വർധിച്ചു. എല്ലാ ഗ്രേഡുകളിലേക്കും സൺഡേ സ്കൂൾ സജീവമായി. അങ്ങനെ ആത്മികമായും ഭൗതികമായും ഇടവകക്ക് ഒരു അടിത്തറ പാകി. ഇടവക ട്രസ്റ്റി സിബി മണലേൽ എല്ലാവർക്കും സ്വാഗതം പറഞ്ഞു. കോ ഓർഡിനേറ്റർ തോമസ് പാലച്ചേരിൽ ആമുഖ പ്രസംഗം നടത്തി. വൈദികരും കന്യാസ്ത്രീകളടക്കം നിരവധി പേർ യാത്രയയപ്പ് യോഗത്തിൽ സന്നിഹിതരായിരുന്നു. ഫാദർ ജോർജ് ഉണ്ണുണ്ണി, ബിജു ഒരപ്പാങ്കൽ, ആഷ മൂലേപ്പറമ്പിൽ (സിസിഡി പ്രിൻസിപ്പാൾ), സനു കൊല്ലറേട്ടു (കെ സി എം കോർഡിനേറ്റർ), സൈന മച്ചാനിക്കൽ, അമ്മിണി കുളങ്ങര (സീനിയർ ഫോറം), ജോസ് എന്നിവർ ആശംസകൾ അർപ്പിച്ചു. കുര്യൻ ചാലു പറമ്പിൽ (ഇടവക സെക്രട്ടറി) നന്ദി പറഞ്ഞു. ഇടവകയുടെ ഉപഹാരം പാരിഷ് എക്സിക്യൂട്ടീവ് ബിബി അച്ചന് നൽകി. മറുപടി പ്രസംഗത്തിൽ റവ.ഫാ.ഡോക്ടർ ബിബി തറയിൽ എല്ലാവരോടുമുള്ള നന്ദി അറിയിച്ചു. സ്നേഹ വിരുന്നോടെ യാത്രയയപ്പ് മീറ്റിങ് പര്യവസാനിച്ചു.

2 October - **International Day of Non-Violence**
International Day of Non-Violence is observed on 2 October to mark the birthday of Mahatma Gandhi who had played an important role in India's Independence. On 15 June 2007, the General Assembly adopted a resolution establishing the International Day of Non-Violence to spread the message of non-violence including education and public awareness.

2 October -**Dussehra**
In 2025, Dussehra will be celebrated on 2th October. This day marks the victory of Lord Rama over the demon king Ravana, symbolising the triumph of good over evil.

# എയർ ഇന്ത്യ വിമാനാപകടത്തിൽ മരിച്ച കുടുംബങ്ങൾ ഡെലവെയർ കോടതിയിൽ കേസ് ഫയൽ ചെയ്തു

വിൽമിംഗ്ടൺ, ഡിഇ: ജൂണിൽ ഉണ്ടായ എയർ ഇന്ത്യ വിമാനാപകടത്തിൽ മരിച്ച നാല് പേരുടെ കുടുംബങ്ങൾ ഡെലവെയറിൽ കേസ് ഫയൽ ചെയ്തു. എയ്റോ സ്പേസ് ഭീമന്മാരായ ബോയിംഗും ഹണിവെല്ലും ദുരന്തത്തിന് കാരണമായതായി അവർ ആരോപിക്കുന്നു.

സെപ്റ്റംബർ 16 ന് സുപ്പീരിയർ കോടതിയിൽ സമർപ്പിച്ച പരാതിയിൽ, അഹമ്മദാബാദിൽ നിന്ന് ലണ്ടനിലേക്കുള്ള യാത്രാമധ്യേ എയർ ഇന്ത്യ വിമാനം 171 പറന്നുയർന്നതിന് തൊട്ടുപിന്നാലെ തകർന്നുവീണപ്പോൾ കൊല്ലപ്പെട്ട 260 പേരിൽ ഉൾപ്പെട്ട കാന്തബെൻ ധീരുഭായ് പഘടാൽ, നവ്യ ചിരാഗ് പഘടാൽ, കുബേർഭായ് പട്ടേൽ, ബാബിബെൻ പട്ടേൽ എന്നിവരുടെ മരണത്തിന് നഷ്ടപരിഹാരം ആവശ്യപ്പെട്ടിട്ടുണ്ട്.

ഹണിവെൽ നിർമ്മിച്ച് 7878 ഡ്രീംലൈനറിൽ ബോയിംഗ് സ്ഥാപിച്ച ഒരു തകരാറുള്ള ഇന്ധന കട്ട്ഓഫ് സ്വിച്ച്, അതിന്റെ രൂപകൽപ്പനയും കോക്ക്പിറ്റിലെ സ്ഥാനവും കാരണം അബദ്ധവശാൽ വിച്ഛേദിക്കപ്പെടാമെന്ന് കേസ് ആരോപിക്കുന്നു. ഈ തകരാർ ഇന്ധന വിതരണ നഷ്ടത്തിനും ടേക്ക് ഓഫിന് ആവശ്യമായ ത്രസ്റ്റിനും കാരണമായെന്ന് കുടുംബങ്ങൾ വാദിക്കുന്നു.

എന്നിരുന്നാലും, അന്വേഷണ ഉദ്യോഗസ്ഥർക്ക് കാരണത്തെക്കുറിച്ച് കൃത്യമായ ഒരു നിഗമനത്തിലെത്താൻ കഴിഞ്ഞിട്ടില്ല. ജൂലൈയിൽ ഇന്ത്യയുടെ എയർക്രാഫ്റ്റ് ആക്സിഡന്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോയിൽ നിന്നുള്ള പ്രാഥമിക റിപ്പോർട്ട് സൂചിപ്പിക്കുന്നത് എയർ ഇന്ത്യ ശുപാർശ ചെയ്യുന്ന പരിശോധനകൾ ഒഴിവാക്കിയെന്നും സമീപ വർഷങ്ങളിൽ രണ്ടുതവണ ത്രോട്ടിൽ കൺട്രോൾ മൊഡ്യൂൾ മാറ്റിസ്ഥാപിച്ചിട്ടുണ്ടെന്നും സൂചിപ്പിക്കുന്നു. ഒരു കോക്ക്പിറ്റ് റെക്കോർഡിംഗിൽ ക്യാപ്റ്റൻ എഞ്ചിനുകളിലേക്കുള്ള ഇന്ധന പ്രവാഹം സ്വമേധയാ വെട്ടിക്കുറച്ചതായി സൂചിപ്പിച്ചു. എന്നിരുന്നാലും അവയുടെ സ്ഥാനവും രൂപകൽപ്പനയും കാരണം സ്വിച്ചുകൾ ആകസ്മികമായി മാറാൻ സാധ്യതയില്ലെന്ന് വ്യോമയാന സുരക്ഷാ വിദഗ്ധർ റോയിട്ടേഴ്സിനോട് പറഞ്ഞു.

അന്വേഷണം ഇതുവരെ മെക്കാനിക്കൽ തകരാറിൽ നിന്ന് വിരൽ ചൂണ്ടുന്നു. ഒരു തകരാറോ ഇന്ധന നിയന്ത്രണങ്ങളുടെ അശ്രദ്ധമായ ചലനമോ അപകടത്തിന് കാരണമായില്ലെന്ന് തനിക്ക് 'ഉയർന്ന ആത്മവിശ്വാസം' ഉണ്ടെന്ന് ജൂലൈയിൽ എഫ്എഎ അഡ്മിനിസ്ട്രേറ്റർ ബ്രയാൻ ബെഡ്ഫോർഡ് പറഞ്ഞു. ഇന്ത്യൻ പാചകരീതി എ.എ.ഐ.ബിയുടെ പ്രാരംഭ കണ്ടെത്തലുകൾ ബോയിംഗിനെയും ജി.ഇ. എയ്റോസ്പേസിനെയും കുറ്റവിമുക്തരാക്കുന്നതായി തോന്നിയെങ്കിലും, റെഗുലേറ്റർമാരും മാധ്യമങ്ങളും പൈലറ്റ് പിഴവിൽ വളരെ ഇടുങ്ങിയ ശ്രദ്ധ കേന്ദ്രീകരിക്കുന്നുവെന്ന് കുടുംബങ്ങൾ ആരോപിക്കുന്നു.

കോർപ്പറേഷനുകൾ ആസ്വദിക്കാത്ത ബാധ്യതാ പരിരക്ഷകൾ എയർലൈനുകൾ ആസ്വദിക്കുന്നതിനാൽ, നിർമ്മാതാക്കൾക്കെതിരെ കേസെടുക്കുന്നത് വ്യോമയാന കേസുകളിൽ ഒരു സാധാരണ തന്ത്രമാണെന്ന് നിയമ വിദഗ്ധർ റോയിട്ടേഴ്സിനോട് പറഞ്ഞു. 229 യാത്രക്കാരും 12 ക്രൂ അംഗങ്ങളും 19 പേരും കൊല്ലപ്പെട്ട എയർ ഇന്ത്യ ദുരന്തവുമായി ബന്ധപ്പെട്ട യുഎസിലെ അറിയപ്പെടുന്ന ആദ്യത്തെ കേസാണ് ഡെലവെയർ കേസ്. ഒരു യാത്രക്കാരൻ രക്ഷപ്പെട്ടു. വാദികൾ ഇന്ത്യയിലെയും യുണൈറ്റഡ് കിംഗ്ഡത്തിലെയും പൗരന്മാരാണ്.

2 October- **Lal Bahadur Shastri Jayanti**
On October 2 every year, the nation celebrates the birth anniversary of Lal Bahadur Shastri who served as the second Prime Minister of India from 1964 to 1966
3 October - **German Unity Day**
German Unity Day is celebrated on 3 October every year to mark the anniversary of the nation's unification. On 3 October 1990, the Federal Republic of Germany and the Democratic Republic of Germany were united as one single federal Germany.
4 October - **World Animal Welfare Day**
World Animal Welfare Day is celebrated on 4 October to raise awareness among people about taking actions worldwide for the rights of animals as well as their welfare.

# മെസ്കീറ്റ് മാർ ഗ്രിഗോറിയോസ് ഇടവക ഫീഡ് മൈ സ്റ്റാർവിങ് ചിൽഡ്രൻസ് സപ്പോർട്ട് പ്രോഗ്രാമിൽ പങ്കെടുത്തു

**- സജി സക്കറിയ**

മെസ്കീറ്റ് മാർ ഗ്രിഗോറിയോസ് ഇടവക റിച്ചാർഡ് സണ്ണിഫീഡ് മൈ സ്റ്റാറിങ് ചിൽഡ്രൻ എന്ന പരിപാടിയിൽ പങ്കെടുത്തു. ഇടവകയിലെ ഇരുപത്തിയഞ്ചിൽ പരം അംഗങ്ങൾ വികാരി ഫാദർ ബിനു തോമസിനോടൊപ്പം വോളണ്ടിയേഴ്സ് ആയി പ്രവർത്തിച്ചു.

ഹെത്യിലേക്ക് അയക്കുന്ന ഭക്ഷണപൊതികൾ തയ്യാറാക്കുന്ന സംരംഭത്തിലാണ് അംഗങ്ങൾ പങ്കാളികളായത്. വിമൻസ് ലീഗ്, മെൻസ്ലീഗ്, സൺഡേ സ്കൂൾ കുട്ടികൾ തുടങ്ങിയവർ ഈ പരിപാടിയിൽ പങ്കെടുത്തു.

# കേരള അസോസിയേഷൻ ഓഫ് നാഷ്‌വിൽ ഓണാഘോഷം നടത്തി



നാഷ്‌വിൽ: ടെന്നീസിലെ ഏറ്റവും വലിയ മലയാളി സംഘടനയായ കേരള അസോസിയേഷൻ ഓഫ് നാഷ്‌വിൽ 13ന് ഓണാഘോഷം നടത്തി.

കാൻഡി വളണ്ടിയർമാർ തയ്യാറാക്കിയ 24 ഓളം വിഭവങ്ങൾ വാഴയിലയിൽ വിളമ്പിയ സ്വാദിഷ്ടമായ ഓണസദ്യയോടെയാണ് ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചത്. ചെണ്ട മേളത്തിന്റെയും താലപ്പൊലിയുടെയും പുലികളിയുടെയും അകമ്പടിയോടെയാണ് മഹാബലിയെ എതിരേറ്റത്.

പ്രശസ്ത സിനിമാനടനും മുൻ കേന്ദ്രമന്ത്രിയുമായ ഡി. നെപ്പോളിയൻ ഉദ്ഘാടനം നിർവഹിച്ചു. സാമൂഹിക സാംസ്കാരിക മേഖലകളിൽ നൽകിയ അമൂല്യമായ സംഭാവനകൾ മുൻനിർത്തി സ്റ്റേറ്റ് സെപ്റ്റംബർ 13 'കേരള ദിന'മായി പ്രഖ്യാപിച്ചതിന്റെ വിളംബരം ടെന്നീസ് സ്റ്റേറ്റ് അസംബ്ലി റെപ്രെസെന്റേറ്റീവ് മൈക്ക് പാർക്സ് നിർവഹിച്ചു.

കാൻ പ്രസിഡന്റ് ഷിബു പിള്ള അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് ശങ്കർ സ്വാഗതവും സെക്രട്ടറി ഡോക്ടർ സുശീലാ സോമരാജൻ നന്ദിയും പറഞ്ഞു. യൂത്ത് എഡിഷൻ 'യുവം' മാസികയുടെ പ്രകാശനം ഡി.നെപ്പോളിയൻ നിർവഹിച്ചു.

വനിതാ നേതൃത്വത്തിൽ അവതരിപ്പിച്ച കേരളീയം പരിപാടിയിൽ സിനിമ പിന്നണി ഗായിക ലത കൃഷ്ണനും സംഘവും സംഗീതാർച്ചന നടത്തി. മനീഷ് രവികുമാർ ഓണസദ്യയ്ക്ക് നേതൃത്വം നൽകി. സന്ദീപ് ബാലൻ, ഡോക്ടർ ദീപാഞ്ജലി നായർ, അനി പാത്തിയേരിൽ, അനന്തലക്ഷ്മണൻ, സുജിത്ത് പിള്ള, അശോകൻ വട്ടക്കാട്ടിൽ, ഷാഹിന കോഴിശ്ശേരി, സുമ ശിവപ്രസാദ് , രാകേഷ് കൃഷ്ണൻ, അനിൽ ഗോപാലകൃഷ്ണൻ, ബബ്ലു ചാക്കോ, സാം ആന്റോ, മനോജ് രാജൻ, അമൽ സാം, തോമസ് വർഗീസ് തുടങ്ങിയവർ നേതൃത്വം നൽകി.

# ചെറുപുഷ്പ മിഷൻ ലീഗ് മൂന്നാം രൂപതാ തല സമ്മേളനം കൊപ്പേലിൽ; സെന്റ് അൽഫോൻസാ ഇടവക ഒരുങ്ങി




**- മാർട്ടിൻ വിലങ്ങോലിൽ**

ടെക്സാസ് / കൊപ്പേൽ : വിശുദ്ധ അൽഫോൻസാമ്മയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട്, സഭയുടെ പ്രേഷിത പ്രവർത്തനങ്ങളെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ 1947ൽ സ്ഥാപിതമായ ചെറുപുഷ്പ മിഷൻ ലീഗിന്റെ മൂന്നാം രൂപതാതല സമ്മേളനം ഒക്ടോബർ 4നു നടക്കും.

കൊപ്പേൽ സെന്റ് അൽഫോൻസാ സീറോ മലബാർ ഇടവകയാണ് ഇത്തവണ സമ്മേളനത്തിന് ആതിഥേയരായി ചുക്കാൻ പിടിക്കുന്നത്. അന്നേദിവസം ഇടവകയിൽ നടക്കുന്ന വിപുലവുമായ പരിപാടിയിൽ ടെക്സാസ് ഒക്ലഹോമ റീജണിലെ ഇടവകയിലെ അറുനൂറോളം ചെറുപുഷ്പ മിഷൻ ലീഗ് അംഗങ്ങൾ പങ്കെടുക്കും.

രൂപതാ മെത്രാൻ മാർ. ജോയ് ആലപ്പാട്ട് പരിപാടിയിൽ പങ്കെടുത്തു ഉദ്ഘാടനം ചെയ്യും. റീജണിലെ ഇടവക യൂണിറ്റുകളുടെ മാർച്ച് പാസ്റ്റും മറ്റു വിവിധങ്ങളായ പരിപാടികളും ക്രമീകരിച്ചിരിക്കുന്നു. ഇടവക വികാരി ഫാ. മാത്യൂസ് കുര്യൻ മുഞ്ഞനാട്ട്, അസിസ്റ്റന്റ് വികാരി ഫാ. ജിമ്മി എടക്കുളത്തൂർ എന്നിവരുടെ നേതൃത്വത്തിൽ ഇടവകാതല ഒരുക്കങ്ങൾ പൂർത്തിയായി വരുന്നതായി സെന്റ് അൽഫോൻസാ അനിമേറ്റർ റോസ് മേരി ആലപ്പാട്ട്, ആൻ ടോമി (സൗത്ത് വെസ്റ്റ് സോൺ എക്സിക്യൂട്ടീവ് അംഗം) എന്നിവർ അറിയിച്ചു.

സ്നേഹം, ത്യാഗം, സഹനം, സേവനം എന്നീ മൂല്യങ്ങൾ മുൻ നിർത്തി കുട്ടികളുടെയും യുവജനങ്ങളുടെയും മിഷൻ പ്രവർത്തനങ്ങൾക്കും വ്യക്തിത്വവികസനത്തിനും പ്രാധാന്യം നൽകുന്ന ഭാരതസഭയിലെ ഏറ്റവും വലിയ അല്മായ പ്രേഷിത സംഘടനയായാണ് മിഷൻ ലീഗ്. ചിക്കാഗോ രൂപതയിൽ 2022ൽ തുടക്കം കുറിച്ച് അമേരിക്കയിലെ മറ്റു ഇടവകകളിലും യൂണിറ്റ് തല പ്രവർത്തനങ്ങൾ നടന്നു വരുന്നു.

രൂപതാ ചാൻസലർ റവ. ഡോ. ജോർജ് ദാനവേലിൽ (സി.എം.എൽ ഡയറക്ടർ), സിസ്റ്റർ ആഗ്നസ് മരിയ എം.എസ്.എം.ഐ. ( ജോയിന്റ് ഡയറക്ടർ), സിജോയ് സിറിയാക് (പ്രസിഡന്റ്), ടിസൺ തോമസ് (സെക്രട്ടറി), ശ്രീമതി ആൻ ടോമി (സൗത്ത് വെസ്റ്റ് എക്സിക്യൂട്ടീവ് ), റോസ്മേരി ആലപ്പാട്ട് (കൊപ്പേൽ അനിമേറ്റർ) എന്നിവർ പരിപാടികൾ ഏകോപിക്കുന്നു.



*മെസ്കീറ്റ് മാർ ഗ്രിഗോറിയോസ് ഇടവക റിച്ചാർഡ് സണ്ണിഫീഡ് മൈ സ്റ്റാറിങ് ചിൽഡ്രൻ എന്ന പരിപാടിയിൽ നിന്നും*